# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ഫെബ്രുവരി 2 | ദീപം 55 | നാളം 47 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കേരളം മാറുന്നു വികസനപാതയിൽ




പ്രഫ. റോണി കെ. ബേബി




കേരളമാതൃകയെന്നു വിശേഷിപ്പിക്കപ്പെട്ട സാമൂഹിക വികാസസൂചികകൾ ലോകത്തിനുതന്നെ പലപ്പോഴും മാതൃകയായിട്ടുള്ളവയാണ്. അമർത്യാസെന്നിനെപ്പോലെയുള്ള പ്രശസ്ത സാമ്പത്തിക സാമൂഹികനിരീക്ഷകർ കേരളവികസനമാതൃകയുടെ മേന്മകൾ വളരെയധികം പ്രഘോഷിച്ചിട്ടുള്ളതാണ്. അമർത്യാസെൻ ആവിഷ്കരിച്ച സാമ്പത്തികസിദ്ധാന്തങ്ങളിൽ മാനവവികസനസൂചികകളുടെ കേരളത്തിലെ ഉന്നതനിലവാരം എടുത്തുപറഞ്ഞിട്ടുണ്ട്.

**കേരളം ഇങ്ങനെ മതിയോ?**

ഇന്ത്യയിലെ ഉയർന്ന ആളോഹരിവരുമാനമുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഉന്നതജീവിതനിലവാരത്തെയും സമ്പദ്വ്യവസ്ഥയെയും താങ്ങിനിറുത്തുന്നതിൽ കേരളത്തിനു പുറത്തും ഇന്ത്യയ്ക്കു പുറത്തും പ്രവാസികളായിക്കഴിയുന്ന വലിയൊരു സമൂഹത്തിന്റെ സംഭാവനയുണ്ട് എന്നത് ഒരു ചെറിയ കാര്യമല്ല. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം പലപ്പോഴും പ്രത്യുത്പാദനപരമായ മേഖലകളിലേക്കു വഴിതിരിച്ചുവിടാൻ നമുക്കു കഴിയുന്നില്ല എന്ന യാഥാർഥ്യംകൂടിയുണ്ട്. പ്രവാസി നിക്ഷേപം വലിയൊരളവുവരെ കെട്ടിടങ്ങൾക്കും റിയൽ എസ്റ്റേറ്റുകൾക്കും മറ്റ് ആഡംബരസൗകര്യങ്ങൾക്കുംവേണ്ടി ചെലവഴിക്കുന്നതിനാൽ, പ്രതീക്ഷിക്കുന്നതുപോലെ ഒരു സാമ്പത്തികാഭിവൃദ്ധി നേടാൻ നമുക്കു കഴിയുന്നില്ല.

ജീവിതനിലവാരത്തിലും മറ്റു സൂചകങ്ങളിലും അന്തർദേശീയ മാനദണ്ഡങ്ങൾക്കൊപ്പം നിൽക്കുമ്പോഴും പലപ്പോഴും അടിസ്ഥാനവികസനകാര്യങ്ങളിലും വ്യവസായങ്ങളുടെ കാര്യത്തിലും സമ്പത്തിന്റെ പുനർക്രമീകരണത്തിന്റെ കാര്യത്തിലും നമ്മൾ ഇപ്പോഴും തികഞ്ഞ യാഥാസ്ഥിതികമനോഭാവമാണു പുലർത്തിവരുന്നത്. അതുകൊണ്ട്, കേരളത്തെ ഒരു വ്യവസായസൗഹൃദസംസ്ഥാനമായി ആരുംതന്നെ പരിഗണിക്കുന്നില്ല. അഭ്യസ്തവിദ്യരായ വലിയ ഒരു തൊഴിൽസേന നമ്മുടെ നാട്ടിലുണ്ടെങ്കിലും അവർക്കുവേണ്ടി ഒരു വ്യവസായസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഏറെക്കാലമായി നമ്മൾ പിറകിലാണ്.

കേരളത്തിൽ ഒരു പുതിയ വ്യവസായം ആരംഭിക്കുന്നതിന് അനുയോജ്യമായ സാഹചര്യമല്ല നിലനിൽക്കുന്നത് എന്ന ഒരു സന്ദേശമാണ് കാലാകാലങ്ങളായി ലോകം മുഴുവൻ പ്രചരിച്ചിട്ടുള്ളത്. അപ്രതീക്ഷിതമായി വരുന്ന ഹർത്താലുകളും തൊഴിൽസമരങ്ങളും തൊഴിലാളികേന്ദ്രീകൃതമായ നിയമവേതനവ്യവസ്ഥകളും നോക്കുകൂലി, മെല്ലപ്പോക്കുസമരം, ചട്ടപ്പടിസമരം തുടങ്ങി മലയാളികൾക്കുമാത്രം സുപരിചിതമായ സമരരീതികളും നമ്മുടെ വ്യവസായസൗഹൃദാന്തരീക്ഷത്തെ വളരെയധികം പിന്നോട്ടടിക്കുന്നതിനു കാരണമായിട്ടുണ്ട്. കൂടാതെ, രാഷ്ട്രീയപ്രബുദ്ധതയുടെ പേരുപറഞ്ഞ് എല്ലാ വ്യവസായപദ്ധതികളിലും സാമൂഹികാഘാതപഠനമായും പരിസ്ഥിതിയാഘാതപഠനമായും നിരന്തരം ജാഗ്രത സൂക്ഷിക്കുന്നതുകൊണ്ട് നിക്ഷേപകർ ഉദ്ദേശിക്കുന്ന രീതിയിൽ അവരുടെ ബിസിനസ്താത്പര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകാൻ കഴിയാതെവരികയും ചെയ്യുന്നു.


▶6


# സമാനതകളില്ലാത്ത ഭാരതപര്യടനം

## ഭാരത് ജോഡോ യാത്ര സമാപനഘട്ടത്തിലേക്ക്


ജോർജ് കള്ളിവയലിൽ




കന്യാകുമാരി മുതൽ കാഷ്മീർ വരെ കാൽനടയായി നടക്കുക! അഞ്ചു മാസം നീണ്ട 3,970 കിലോമീറ്റർ ദൈർഘ്യമുള്ള നടത്തം. ഇന്ത്യയെ ഒന്നിപ്പിക്കുകയെന്ന ലക്ഷ്യവുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ജനുവരി 30 തിങ്കളാഴ്ച പൂർത്തിയാക്കുന്ന യാത്രയ്ക്കു സമാനതകളില്ല. ഇന്ത്യയിൽ ഇത്ര ദീർഘമായൊരു കാൽനടയാത്ര ആരും ഇതിനുമുമ്പു നടത്തിയിട്ടില്ല. ഇതര ലോകരാജ്യങ്ങളിലും സമാനപദയാത്രകളില്ല. ഇന്ത്യയിലാകെ തരംഗമായ പദയാത്രയുടെ അവസാനദിവസങ്ങളിലും രാഹുലിനും സഹയാത്രികർക്കും തളർച്ചയില്ല.

2022 സെപ്റ്റംബർ ഏഴിന് കന്യാകുമാരിയിൽ ആരംഭിച്ച് ദിവസങ്ങളോളം കേരളത്തിലൂടെ കടന്നുപോയ ഭാരത് ജോഡോയാത്ര ഇന്ത്യയിലെ 12 സംസ്ഥാനങ്ങളിലൂടെയും രണ്ടു കേന്ദ്രഭരണപ്രദേശങ്ങളിലൂടെയും സഞ്ചരിച്ചു. ജനുവരി 30 ന് ജമ്മുകാഷ്മീരിലെ ശ്രീനഗറിൽ രാഹുൽ ഗാന്ധി ദേശീയപതാക ഉയർത്തിയാകും സമാപനം. കാഷ്മീരിൽ കഴിഞ്ഞയാഴ്ചയിലും ഇരട്ടസ്ഫോടനം ഉണ്ടായതൊന്നും രാഹുലിനെ ജമ്മുകാഷ്മീരിലെ യാത്രയിൽനിന്നു പിന്തിരിപ്പിച്ചില്ല. കനത്ത സുരക്ഷാവെല്ലുവിളികളെ അവഗണിച്ചാണു നടത്തം.

**വെറുപ്പിനു മീതെ സ്നേഹച്ചുവടുകൾ**

വിദ്വേഷത്തിന്റെയും വിഭജനത്തിന്റെയും രാഷ്ട്രീയത്തിൽ എനിക്കെന്റെ പിതാവിനെ നഷ്ടപ്പെട്ടു. ഇനി എന്റെ പ്രിയപ്പെട്ട നാട് നഷ്ടമാകാൻ അനുവദിക്കില്ല. സ്നേഹം വെറുപ്പിനെ കീഴടക്കും. പ്രതീക്ഷ ഭയത്തെ പരാജയപ്പെടുത്തും. ഒരുമിച്ച്, നമ്മൾ മറികടക്കും. ഭാരത് ജോഡോയാത്രയ്ക്കിടയിൽ രാഹുൽ ഗാന്ധി പറഞ്ഞ ഈ വാക്കുകളിലുണ്ട് അദ്ദേഹത്തിന്റെ



ലക്ഷ്യവും നിശ്ചയദാർഢ്യവും.

മഹാത്മാഗാന്ധിയുടെ 1930 ലെ ദണ്ഡിമാർച്ചിനെ അനുസ്മരിപ്പിക്കുന്ന അതിഗംഭീരമായ ബഹുജനസമ്പർക്ക പരിപാടിയായി ഭാരത് ജോഡോയാത്ര മാറി. അക്രമങ്ങൾ ഒഴിവാക്കി അഹിംസയുടെ പാതയിലൂടെ ശക്തരായ ബ്രിട്ടീഷുകാരെ തുരത്തി ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നേടിത്തന്ന ഗാന്ധിജിയുടെ പ്രചാരണങ്ങളെ ഓർമപ്പെടുത്തുന്നതായി രാഹുലിന്റെ പദയാത്ര.


▶12

# ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന കാലം

## സ്പീക്കർ എ.എൻ. ഷംസീർ

**ആർ.വി. തോമസ് പുരസ്കാരം മാത്യു ടി. തോമസ് എം.എൽ.എയ്ക്കു സമ്മാനിച്ചു**



*ആർ.വി. തോമസ് പുരസ്കാരം മാത്യു ടി. തോമസ് എം.എൽ.എ.യ്ക്കു സ്പീക്കർ എ.എൻ. ഷംസീർ സമ്മാനിക്കുന്നു. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ജസ്റ്റീസ് സിറിയക് ജോസഫ്, മാണി സി. കാപ്പൻ എം.എൽ.എ., ഡോ. സിറിയക് തോമസ്, ഡോ. സാബു ഡി. മാത്യു എന്നിവർ സമീപം.*

പാലാ: രാജ്യത്ത് ജനാധിപത്യവ്യവസ്ഥയെ ദുർബലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് സ്പീക്കർ എ.എൻ. ഷംസീർ. പാലായിൽ ആർ.വി. തോമസ് പുരസ്കാരസമർപ്പണം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഭൂരിപക്ഷത്തിന്റെ മേധാവിത്വത്തിൽ എല്ലാം തീരുമാനിക്കപ്പെടുകയാണ്. വിയോജിക്കാനുള്ള അവസരം ഇല്ലാതാക്കുകയാണ്. വിയോജിക്കാനുള്ള അവകാശമാണ് ഭരണഘടനയുടെ അന്തഃസത്ത. അതു ചോർത്തിക്കളയുന്ന പ്രവർത്തനമാണ് രാജ്യത്തു നടക്കുന്നത്. വിയോജിച്ച് അഭിപ്രായം പറയുന്നവർ ജയിലിലാകുകയാണ്. പാർലമെന്റിൽ ചർച്ചകൾ നടക്കാതെയാണ് രാജ്യത്ത് തീരുമാനങ്ങളെടുക്കുന്നത്. ജനപ്രതിനിധികൾക്ക് അഭിപ്രായം പറയുവാൻ സാധിക്കുന്നില്ല. കാഷ്മീർ സംസ്ഥാനത്തെ രണ്ടായി വിഭജിച്ചത് സർക്കാരിന്റെ ഉത്തരവിലൂടെയാണ്. ഇതു സംബന്ധിച്ചു പാർലമെന്റിൽ ചർച്ചകൾ പോലും നടന്നില്ല. ഫെഡറലിസവും ഇല്ലാതാവുന്നു. ഭൂരിപക്ഷത്തിന്റെ ആധിപത്യത്തിൽ എല്ലാം ചെയ്യുന്നവരെ ജനം തിരുത്തുന്ന കാലം വരും. അടിയന്തരാവസ്ഥ അതു തെളിയിച്ചതാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരെ ഇല്ലാതാക്കാനുള്ള ആസൂത്രിത ശ്രമങ്ങളാണു രാജ്യത്തുടനീളം. ഇതിനായി ശാസ്ത്രത്തെയും ചരിത്രത്തെയും കടന്നാക്രമിച്ച് നുണപ്രചാരണം നടത്തുകയാണ്. കേരളം ഇതിനെല്ലാം അപവാദമാണെന്നും സ്പീക്കർ പറഞ്ഞു.

ആർ.വി. തോമസ് പുരസ്കാരം മാത്യു ടി. തോമസ് എം.എൽ.എ. യ്ക്ക് സ്പീക്കർ സമ്മാനിച്ചു. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ് ആർ.വി. സ്മാരക പ്രഭാഷണം നടത്തി. മാണി സി. കാപ്പൻ എം.എൽ.എ., ഡോ. സിറിയക് തോമസ് എന്നിവർ പ്രസംഗിച്ചു.

# പാലാ രൂപതയിലെ നവവൈദികർ



ഫാ. ജോസഫ്
കുഴിവേലിത്തടത്തിൽ
(അന്തിനാട്)



ഫാ. സെബാസ്റ്റ്യൻ
ആലപ്പാട്ട്കോട്ടയിൽ
(തുരുത്തിപ്പള്ളി)



ഫാ. ആന്റണി
ഞരളക്കാട്ട്
(ഏന്തയാർ)



ഫാ. തോമസ്
താന്നിമലയിൽ
(പൂവക്കുളം)



ഫാ. മാത്യു
കണിയാംപടി
(അമ്പാറനിരപ്പേൽ)



ഫാ. ആന്റണി
കൊല്ലിയിൽ
(എടാട്)



ഫാ. ജോസഫ്
ആറ്റുചാലിൽ
(ചൂണ്ടച്ചേരി)



ഫാ. ജോർജ്
തറപ്പേൽ
(ചെമ്മലമറ്റം)



ഫാ. ജോസഫ്
മൂക്കൻതോട്ടത്തിൽ
(പൂഞ്ഞാർ)



ഫാ. എബ്രാഹം
പെരിയപ്പുറത്ത്
(മുളക്കുളം)



ഫാ. ഐസക്
പെരിങ്ങാമലയിൽ
(മുളക്കുളം)



ഫാ. ജോസഫ്
അട്ടങ്ങാട്ടിൽ
(അൽഫോൻസാഗിരി)



ഫാ. സക്കറിയ
വാഴേപ്പറമ്പിൽ
(ഉള്ളനാട്)



ഫാ. തോമസ്
കട്ടിപ്പറമ്പിൽ
(കൂടല്ലൂർ)



ഫാ. ജോസഫ്
ചൂരയ്ക്കൽ
(കൊഴുവനാൽ)



ഫാ. മൈക്കിൾ
നടുവിലേക്കുറ്റ്
(ഏഴാച്ചേരി)

# ദീപനാളം കാവ്യോത്സവം

## 11 FEBRUARY 2023



കട്ടക്കയത്തിൽ
ചെറിയാൻ മാപ്പിള



പ്രവിത്താനം
പി.എം. ദേവസ്യാ



സിസ്റ്റർ മേരി
ബനീഞ്ഞ

മഹാകവികളായ **കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, പ്രവിത്താനം പി.എം. ദേവസ്യാ, സിസ്റ്റർ മേരി ബനീഞ്ഞ** എന്നിവരുടെ സ്മരണ നിലനിർത്തുന്നതിനും അവരെക്കുറിച്ചു പുതുതലമുറയിൽ അവബോധം ജനിപ്പിക്കുന്നതിനുമായി ദീപനാളം പദ്യോച്ചാരണമത്സരം നടത്തുന്നു.

ഫെബ്രുവരി പതിനൊന്നാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദീപനാളം ഓഡിറ്റോറിയത്തിൽ മത്സരങ്ങൾ ആരംഭിക്കും. പാലാ രൂപതാധ്യക്ഷൻ **മാർ ജോസഫ് കല്ലറങ്ങാട്ട്** പരിപാടി ഉദ്ഘാടനം ചെയ്യും. പ്രശസ്ത നിരൂപകനും എഴുത്തുകാരനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി വിഷയാവതരണം നടത്തും. പാലാ സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പാൾ ഡോ. ഡേവിസ് സേവ്യർ ആശംസ അർപ്പിക്കും.

**നിബന്ധനകൾ**

❖ വാദ്യോപകരണങ്ങളോ മറ്റു സാങ്കേതികസംവിധാനങ്ങളോ അനുവദനീയമല്ല. ❖ മൂന്നു കവികളുടെയും കൃതികളിൽനിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിക്കാം. (കവികളുടെ സമ്പൂർണകൃതികൾ റഫറൻസിനായി ദീപനാളം ഓഫീസിൽ ലഭ്യമാണ്.) ❖ മൂന്നു കവിതകൾക്കുംകൂടി ആകെ പത്തുമിനിറ്റായിരിക്കും സമയം. ❖ തിരഞ്ഞെടുക്കപ്പെടുന്ന കവിതാഭാഗങ്ങളുടെ മൂന്നു കോപ്പിവീതം ജഡ്ജസിന്റെ പരിശോധനയ്ക്കായി മത്സരത്തിനുമുമ്പ് നല്കേണ്ടതാണ്. ❖ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 10000, 7000, 5000 രൂപയും സർട്ടിഫിക്കറ്റും നല്കുന്നതാണ്. ❖ രജിസ്ട്രേഷൻ ഫീസ് 100 രൂപ. ❖ മത്സരത്തിനു പ്രായപരിധിയില്ല.

**മാർക്ക് - മാനദണ്ഡങ്ങൾ :** മനഃപാഠം - 25 മാർക്ക്; അക്ഷരസ്ഫുടത - 25 മാർക്ക്; മിതമായ ഭാവശബ്ദാവതരണം - 25 മാർക്ക്; അർത്ഥം, ആശയം എന്നിവയുടെ വ്യക്തത - 25 മാർക്ക്.

ഒന്നാം സമ്മാനം ₹10000

രണ്ടാം സമ്മാനം ₹7000

മൂന്നാം സമ്മാനം ₹5000

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 7 നുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

Ph : 7306874714
E-mail : editordeepanalam@gmail.com.



തോമസ് കുഴിഞ്ഞാലിൽ

# ഇതാണു രാജി ! രാഷ്ട്രീയക്കാർ തലകുനിക്കട്ടെ

**ജസിൻഡ ആർഡേൺ സ്ഥാനമൊഴിഞ്ഞു**
**ക്രിസ് ഹിപ്കിൻസ്**
**ന്യൂസിലൻഡിന്റെ പുതിയ പ്രധാനമന്ത്രി**



ലോകത്തെ ഏറ്റവും മനോഹരമായ ദ്വീപസമൂഹങ്ങളിലൊന്നായി വിശേഷിപ്പിക്കപ്പെടുന്ന ന്യൂസിലൻഡിൽ 2017 മുതൽ അഞ്ചര വർഷക്കാലം പ്രധാനമന്ത്രിയായിരുന്ന ജസിൻഡ ആർഡേണിന്റെ രാജി കഴിഞ്ഞയാഴ്ചയിലെ പ്രധാന വാർത്തയായിരുന്നു.

പ്രകൃതിക്ഷോഭങ്ങളെയും മഹാമാരികളെയും മാത്രമല്ല, രാജ്യം കണ്ട ഏറ്റവും വലിയ ഭീകരാക്രമണത്തെയും സധൈര്യം മറികടന്നാണ് ജസിൻഡ ആർഡേൺ പ്രധാനമന്ത്രിപദത്തിലിരുന്നത്. രാജിവയ്ക്കാനുള്ള തീരുമാനം നിറകണ്ണുകളോടെ ലോകത്തെ അറിയിച്ചുകൊണ്ടുള്ള വാർത്താസമ്മേളനത്തിൽ ജസിൻഡ ഇപ്രകാരമാണ് പറഞ്ഞത്: "പ്രധാനമന്ത്രിയായി തുടരാനുള്ള ഊർജം ഇനി ബാക്കിയില്ല. ഏതൊരു വ്യക്തിക്കും എത്തിപ്പെടാൻ കഴിയുന്ന ഏറ്റവും ഉന്നതമായ സ്ഥാനത്തുനിന്നാണ് ഞാൻ പടിയിറങ്ങുന്നത്. ഇതിൽ എനിക്ക് തെല്ലും ദുഃഖമില്ല. പ്രധാനമന്ത്രിസ്ഥാനമൊഴിയുന്ന തീരുമാനം എടുത്ത ശേഷം ഇന്നലെ സുഖമായി ഉറങ്ങി. രാജ്യത്തിനു നല്കാൻ കഴിയുന്നതിന്റെ പരമാവധി കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് എന്റെ ഉത്തമവിശ്വാസം. ഞങ്ങൾ രാഷ്ട്രീയക്കാരും മനുഷ്യർതന്നെയാണ്. രാജ്യംപോലെതന്നെ കുടുംബവും ഞങ്ങൾക്കു വിലപ്പെട്ടതാണ്. ശിഷ്ടകാലം ഭർത്താവിനോടും മകളോടുമൊപ്പം സമാധാനത്തോടെ ജീവിക്കും."

2005 മുതൽ 2009 വരെ ന്യൂസിലൻഡിൽ പോലീസ് കമ്മീഷണറും, 2014 മുതൽ പസഫിക് സമുദ്രത്തിലെ സ്വയംഭരണപ്രദേശമായ നിയുവിൽ ഹൈക്കമ്മീഷണറുമായി സേവനം ചെയ്യുന്ന ഡേവിഡ് റോസ് ആർഡേണിന്റെയും ലോറെലിന്റെയും രണ്ടാമത്തെ മകളായി 1980 ജൂലൈ 26-ാം തീയതി ന്യൂസിലൻഡിലെ ഹാമിൽട്ടണിലായിരുന്നു ജസിൻഡയുടെ ജനനം. വിദ്യാഭ്യാസകാലത്ത് 17-ാം വയസിൽ ലേബർ പാർട്ടിയിൽ അംഗത്വം നേടിയ ജസിൻഡ രാഷ്ട്രീയത്തിൽ സജീവമായി. 2001 ൽ വയ്ക്കാറ്റോ സർവകലാശാലയിൽനിന്ന് പൊളിറ്റിക്സിലും പബ്ലിക് റിലേഷൻസിലും ബിരുദം സമ്പാദിച്ചു. സോഷ്യലിസ്റ്റ് യുവജനസംഘടനയുടെ അന്താരാഷ്ട്ര പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട 2008 ൽതന്നെ മൗണ്ട് ആൽബർട്സിൽനിന്നു പാർലമെന്റിലേക്കു മത്സരിച്ചു ജയിച്ചു. ദുർബലമായിക്കഴിഞ്ഞിരുന്ന ലേബർ പാർട്ടിയുടെ നേതൃസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ട ജസിൻഡ 2017 ലെ പൊതുതിരഞ്ഞെടുപ്പിൽ പാർട്ടിയെ ഉജ്ജ്വല വിജയത്തിലേക്കു നയിക്കുകയും പ്രധാനമന്ത്രിസ്ഥാനത്തേക്ക് അവരോധിക്കപ്പെടുകയും ചെയ്തു. ദരിദ്രകുടുംബങ്ങളിലെ കുട്ടികൾക്കു പോഷകാഹാരം സൗജന്യമായി നല്കിയതും ഭവനരഹിതർക്കു വീടുകൾ നിർമിച്ചുകൊടുത്തതും ജസിൻഡയുടെ ജനപ്രീതി വർധിപ്പിച്ച പദ്ധതികളാണ്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും കുട്ടികളുടെ സമഗ്രമായ വളർച്ചയ്ക്കു സാഹചര്യങ്ങളൊരുക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിലും സജീവപങ്കാളിത്തം വഹിച്ചു. വിലക്കയറ്റം നിയന്ത്രിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും ശക്തമായ നടപടികൾ സ്വീകരിച്ചു. അടഞ്ഞുകിടന്ന വ്യവസായശാലകൾ തുറന്നുപ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചതോടെ വ്യാവസായികരംഗവും സജീവമായി. അബലകളെന്നു വിശേഷി



ക്രിസ് ഹിപ്കിൻസ്

പ്പിക്കപ്പെട്ടിരുന്ന സ്ത്രീകളുടെ ശക്തീകരണത്തിനും ഉന്നമനത്തിനുമായി പദ്ധതികളാവിഷ്കരിച്ചു നടപ്പാക്കിയതുവഴി ജസിൻഡ സ്ത്രീകളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടി. ഭരണകക്ഷിയായ ലേബർ പാർട്ടിയിലെ അന്തശ്ഛിദ്രങ്ങൾ ഒഴിവാക്കാനും ഭിന്നാഭിപ്രായക്കാരെ ഒന്നിച്ചുനിർത്താനും അവർക്കു കഴിഞ്ഞു. സർക്കാർ എടുക്കുന്ന തീരുമാനങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ട് അസാധാരണധീരതയോടെയാണ് അവർ രാജ്യത്തെ നയിച്ചത്. കൊവിഡ് 19 മഹാമാരി വ്യാപകമായി പടർന്നുപിടിക്കുംമുമ്പുതന്നെ ഏർപ്പെടുത്തിയ കടുത്ത നിയന്ത്രണങ്ങൾവഴി മരണസംഖ്യ 2,500 ൽ ഒതുക്കിനിർത്താനായതും ജസിൻഡയുടെ നേട്ടങ്ങളിൽ പ്രധാനപ്പെട്ടതാണ്.

ജസിൻഡയുടെ നേതൃപാടവവും അസാമാന്യവ്യക്തിത്വവും ആരെയും ആകർഷിക്കുന്നതായിരുന്നു. പ്രതിപക്ഷകക്ഷികളിലെ നേതാക്കൾ നിശിതമായി വിമർശിക്കുമ്പോഴും മോശമായ രീതിയിൽ പെരുമാറുമ്പോഴും നിറപുഞ്ചിരിയോടെ അവരെയെല്ലാം അഭിമുഖീകരിക്കാനും തന്റെ വാദഗതികളോടു സമന്വയിപ്പിക്കാനുമുള്ള അവരുടെ കഴിവും പരക്കെ പ്രകീർത്തിക്കപ്പെട്ടിരുന്നു. സഹജീവികളെ ദയാവായ്പോടെ കാണുന്നതും സഹായിക്കുന്നതും ഏറ്റവും വലിയ പുണ്യമായി കരുതിയ ജസിൻഡ, 2019 മാർച്ച് 15 ന് ക്രൈസ്റ്റ് ചർച്ചിലെ രണ്ടു മോസ്കുകളിൽ നടന്ന ഭീകരാക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ട 51 പേരുടെയും ബന്ധുക്കളെ ആശ്വസിപ്പിക്കാനെത്തിയത് ലോകശ്രദ്ധ പിടിച്ചുപറ്റിയ സംഭവമാണ്. പർദ്ദയണിഞ്ഞ് അവരുടെ മധ്യത്തിലെത്തി ഓരോരുത്തരെയും നെഞ്ചോടു ചേർത്തുനിർത്തി കണ്ണീരൊഴുക്കിയ മറ്റൊരു പ്രധാനമന്ത്രി ലോകചരിത്രത്തിൽ വേറെയുണ്ടാകില്ല. ദുരന്തവാർത്തയറിഞ്ഞു സഹായവാഗ്ദാനം നടത്തിയ അന്നത്തെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് ജസിൻഡ നല്കിയ മറുപടി ശ്രദ്ധേയമാണ്: "എല്ലാ മുസ്ലീംകളും നമ്മുടെ സഹോദരികളും സഹോദരന്മാരും മാതാക്കളും മക്കളുമാണ്. അവരോട് അനുകമ്പയും സ്നേഹവും കാണിക്കണം." ന്യൂസിലൻഡിന്റെ വടക്കുപടിഞ്ഞാറായി പസഫിക് സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന 800 ഏക്കർ വിസ്തൃതിയുള്ള 'വൈറ്റ് ഐലൻഡ്' വിനോദസഞ്ചാരകേന്ദ്രത്തിൽ 2019 ഡിസംബർ 9 നുണ്ടായ അഗ്നിപർവത സ്ഫോടനത്തിൽ സ്വീകരിച്ച ധീരമായ നടപടികളും ജസിൻഡയുടെ ഖ്യാതി വാനോളം ഉയർത്തി. ദ്വീപിലുണ്ടായിരുന്ന 47 പേരിൽ 23 പേരെ രക്ഷിക്കാൻ ജസിൻഡയുടെ സമയോചിതമായ ഇടപെടലുകളാണ് കാരണമായത്. ഭാവിയിൽ എങ്ങനെ അറിയപ്പെടാനാണ് ആഗ്രഹിക്കുന്നതെന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന്, 'ദയാവായ്പോടെ പെരുമാറാൻ ശ്രമിച്ചയാൾ' എന്നായിരുന്നു ജസിൻഡയുടെ മറുപടി. നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ട് രാജ്യത്തെ നയിച്ച ഊർജസ്വലയായ വനിതാപ്രധാനമന്ത്രി എന്ന നിലയിലാകും ജസിൻഡ ആർഡേൺ ഭാവിയിൽ അറിയപ്പെടുക.

ന്യൂസിലൻഡിന്റെ 40 ാമത്തെ പ്രധാനമന്ത്രിയായി 2017 ൽ അധികാരമേല്ക്കുമ്പോൾ 37 വയസ്സു മാത്രമായിരുന്നു ജസിൻഡയ്ക്ക് ഉണ്ടായിരുന്നത്. ന്യൂസിലൻഡിന്റെ ചരിത്രത്തിലെ ഏറ്റവും പ്രായംകുറഞ്ഞ പ്രധാനമന്ത്രിയും മൂന്നാമത്തെ വനിതാപ്രധാനമന്ത്രിയുമായിരുന്നു ജസിൻഡ ആർഡേൺ. 2018 ജൂണിലാണ് ജസിൻഡയ്ക്ക് ഒരു പെൺകുഞ്ഞ് പിറക്കുന്നത്. (പാക്കിസ്ഥാൻ പ്രധാനമന്ത്രിയായിരിക്കെ ഒരു കുഞ്ഞിനു ജന്മം നല്കിയ ബേനസീർ ഭൂട്ടോയാണ് മറ്റൊരാൾ.) ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ കൈക്കുഞ്ഞുമായെത്തിയ ജസിൻഡ കുടുംബത്തെ തന്നോടു ചേർത്തുപിടിക്കുന്നുവെന്നു തെളിയിക്കുകയായിരുന്നു. ഏകമകളായ നെവ് ഈ വർഷം സ്കൂളിൽ ചേരാനുള്ള തയ്യാറെടുപ്പിലാണ്. ടിവി അവതാരകനായ ക്ളാർക്ക് ഗേയ്ഫോർഡാണ് ജീവിതപങ്കാളി. അധികാരത്തിനുമപ്പുറം സ്വന്തം കുടുംബത്തെ ചേർത്തുപിടിച്ച വ്യതിരിക്തത ജസിൻഡയുടെ തൊപ്പിയിലെ പൊൻതൂവലാകും.

മസിൽപവർ ഉപയോഗിച്ച് ഇല്ലായ്മ ചെയ്തും, കള്ളക്കഥകൾ മെനഞ്ഞ് അപകീർത്തിപ്പെടുത്തിയും, എതിർകക്ഷികളിലുള്ളവരെ നിഷ്പ്രഭരാക്കുന്ന പതിവുരാഷ്ട്രീയശൈലിയിൽനിന്നു വ്യത്യസ്തയായി ജസിൻഡ ആർഡേൺ ഉയർന്നുനില്ക്കുന്നു. ഈ വർഷം ഒക്ടോബർവരെ പ്രധാനമന്ത്രിയായി തുടരാമായിരുന്നിട്ടും അധികാരമൊഴിയാനുള്ള സമയമായെന്നു തോന്നിയ നിമിഷം രാജ്യത്തെ പരമോന്നതപദവിയിൽനിന്നു മാറിനില്ക്കാനുള്ള തീരുമാനം അധികാരത്തിനും പദവിക്കുംവേണ്ടി കടിപിടികൂടുന്ന രാഷ്ട്രീയക്കാർക്കുള്ള താക്കീതു കൂടിയാണ്. സ്വരം നന്നായിരുന്നപ്പോൾ അവർ പാട്ടുനിർത്തി. ഒക്ടോബർ 14-ാം തീയതി നടക്കാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ താൻ സ്ഥാനാർത്ഥിയായിരിക്കില്ലെന്നും ജസിൻഡ വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം, പരിഹരിക്കപ്പെടേണ്ട ഒത്തിരിയേറെ പ്രശ്നങ്ങൾ ബാക്കിവച്ചിട്ടാണ് പ്രധാനമന്ത്രിസ്ഥാനമൊഴിഞ്ഞതെന്ന് വിമർശനമുയർന്നു കഴിഞ്ഞു. രാജ്യം കടുത്ത സാമ്പത്തികപ്രതിസന്ധി നേരിടുകയാണ്. വിലക്കയറ്റം കഴിഞ്ഞ 30 വർഷത്തെ ഏറ്റവും ഉയർന്ന തോതിൽ എത്തിനില്ക്കുന്നു. ജീവിതച്ചെലവ് വർധിച്ചു. പാർപ്പിടപ്രശ്നങ്ങൾ പൂർണമായും പരിഹരിക്കപ്പെട്ടിട്ടില്ല. രാജ്യം പ്രതിസന്ധികളെ നേരിടുമ്പോൾ പൊതുജീവിതത്തിൽനിന്ന് ഒളിച്ചോടുന്നത് നല്ല മാതൃകയാണോ എന്നും നിരീക്ഷിക്കുന്നവരുണ്ട്. എന്നാൽ, പുതിയ കാലത്തിന്റെ വെല്ലുവിളികളെ സധൈര്യം നേരിട്ടു പരാജയപ്പെടുത്തിയ ഒരു നേതാവിന്റെ സാന്നിധ്യമാണ് ലോകത്തിനു നഷ്ടമാകുന്നത്.

### ന്യൂസിലൻഡിനെ ക്രിസ് ഹിപ്കിൻസ് നയിക്കും

ജസിൻഡയുടെ പിൻഗാമിയായി അവരുടെ മന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന ക്രിസ് ഹിപ്കിൻസിനെ തിരഞ്ഞെടുത്തതായി വാർത്തയുണ്ട്. ജസിൻഡയുടെ വ്യക്തിപ്രഭാവത്തിന്റെ നിഴലിലായിരുന്നെങ്കിലും ആരോഗ്യമന്ത്രിയായിരിക്കേ കൊവിഡ് മഹാമാരിയെ ഫലപ്രദമായി നേരിട്ടുവെന്ന ഖ്യാതി പ്രധാനമന്ത്രിപദത്തിലെത്താൻ ഹിപ്കിൻസിനു വഴിയൊരുക്കി. എതിരാളികളില്ലാതെ ഹിപ്കിൻസ് പ്രധാനമന്ത്രിസ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടത് ജസിൻഡയുടെ പിന്മാറ്റം ഭരണകക്ഷിയായ ലേബർ പാർട്ടിയിൽ ഭിന്നതകൾ ഉണ്ടാക്കിയിട്ടില്ലെന്നു വ്യക്തമാക്കുന്നു. ഒക്ടോബർ വരെയുള്ള എട്ടുമാസം മാത്രം അധികാരത്തിലിരിക്കുമ്പോൾ ജസിൻഡ ആർഡേൺ മന്ത്രിസഭയുടെ നയങ്ങളിൽനിന്നു വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കേണ്ടെന്ന് ന്യൂസിലൻഡിലെ 51 ലക്ഷം ജനങ്ങളോടും വാർത്താപ്രക്ഷേപണത്തിലൂടെ അദ്ദേഹം അറിയിച്ചു. വിദ്യാഭ്യാസത്തിനു പുറമേ പോലീസ് മന്ത്രിയായും സഭാനേതാവായും പ്രവർത്തിച്ചിട്ടുള്ള 44 കാരനായ ഹിപ്കിൻസിന്റെ വാക്ചാതുര്യം എതിരാളികളെ നിഷ്പ്രഭമാക്കിയിട്ടുണ്ടെന്നും രാഷ്ട്രീയനിരീക്ഷകർ വിലയിരുത്തുന്നു. എന്നിരുന്നാലും, 2,68,021 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ (കേരളത്തിന്റെ ഏഴിരട്ടി) പസഫിക് സമുദ്രത്തിൽ ചിതറിക്കിടക്കുന്ന എഴുന്നൂറിലധികം ദ്വീപുകളുള്ള ഒരു രാജ്യത്തെ മുൻപോട്ടു നയിക്കുക എളുപ്പമുള്ള ജോലിയല്ലെന്ന് പുതിയ പ്രധാനമന്ത്രിക്കു ബോധ്യമുണ്ട്. ■

# മിടുക്കനുണ്ണിയും കരിമ്പൂതവും

ബാലകഥ



സിപ്പി പള്ളിപ്പുറം

**പ**ണ്ടൊരിടത്ത് മിടുക്കനുണ്ണി എന്നൊരു കൊച്ചുപയ്യനുണ്ടായിരുന്നു. പേരുപോലെതന്ന അവൻ ഏതു കാര്യത്തിലും മിടുമിടുക്കനായിരുന്നു.

ഒരിക്കൽ മിടുക്കനുണ്ണിയും ചങ്ങാതിമാരും കാക്കോത്തിക്കാവിൽ പൂരം കാണാൻ പോയി. പൂരക്കാവിൽനിന്ന് അവർ ഓരോരോ കളിപ്പാട്ടങ്ങൾ വാങ്ങി. പീപ്പിയും ചെണ്ടയും പന്തും പമ്പരവും കിലുക്കാംപെട്ടിയുമൊക്കെ അക്കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ, മിടുക്കനുണ്ണി വാങ്ങിയത് ചുവന്ന ഒരു മത്തങ്ങാബലൂണായിരുന്നു. തന്റെ കുഞ്ഞനിയത്തിക്കു കൊടുക്കാമെന്നു കരുതിയാണ് അതവൻ വാങ്ങിവച്ചത്.

മിടുക്കനുണ്ണിയും ചങ്ങാതിമാരും പൂരക്കാവിൽ ചുറ്റിനടന്ന് നേരം പോയതറിഞ്ഞില്ല. "മിടുക്കനുണ്ണീ, നേരം സന്ധ്യമയങ്ങിയല്ലോ. നമുക്കിനി വേഗം പോകാം. കുറെക്കഴിഞ്ഞാൽ ഭൂതത്താൻകുന്നിലെ കരിമ്പൂതം നമ്മെ വഴി നടത്തില്ല."

"ങ്ഹാ, ശരിയാ, നേരം വളരെ വൈകി. വേഗം പുറപ്പെട്ടോളൂ." മിടുക്കനുണ്ണി തിടുക്കത്തിൽ മുമ്പേ നടന്നു. ചെണ്ട കൊട്ടിയും പീപ്പിവിളിച്ചും ചങ്ങാതിമാർ പിമ്പേ നടന്നു.

നേരം ഇരുട്ടിയപ്പോൾ മിടുക്കനുണ്ണിയും ചങ്ങാതിമാരും ഭൂതത്താൻകുന്നിന്റെ അരികിലെത്തി. ചങ്ങാതിമാരുടെ കൊട്ടുംപാട്ടും കേട്ട് ഗുഹയിലിരുന്ന കരിമ്പൂതം പുറത്തേക്കുചാടി.

"ഹഹ് ഹഹ്ഹ! ഇന്നത്തെ കാര്യം കുശാലായി! എല്ലാത്തിന്റെയും കരള് ഞാൻ പറിച്ചു തിന്നും!" കരിമ്പൂതം ഉറക്കെ അട്ടഹസിച്ചുകൊണ്ട് അവരുടെ നേർക്കു പാഞ്ഞടുത്തു. ചങ്ങാതിമാരെല്ലാം പേടിച്ചോടി കാട്ടിലും മേട്ടിലും ഒളിച്ചു. എന്തു പറയാൻ! പാവം മിടുക്കനുണ്ണിയെ കരിമ്പൂതം പിടികൂടി.

"ഒന്നിനെയെങ്കിലും ഒത്തുകിട്ടിയല്ലോ. ഞാൻ നിന്റെ കരളെടുത്തു തിന്നാൻ പോകയാണ്." കരിമ്പൂതം പറഞ്ഞു.

ഭൂതത്തിന്റെ പറച്ചിൽകേട്ട് മിടുക്കനുണ്ണി ആദ്യമൊന്നു പതറി. എങ്കിലും പെട്ടെന്ന് അവന്റെ കൊച്ചുബുദ്ധി ഉണർന്നു. കൈയിലിരിക്കുന്ന ചുവന്നബലൂൺ ഉയർത്തിക്കാണിച്ചിട്ട് അവൻ പറഞ്ഞു:

"ഏയ് പൂതമേ, നോക്കൂ: ഇതാണെന്റെ കരൾ! അകത്ത് ഒതുങ്ങാത്തതുകൊണ്ട് ഇതു ഞാൻ കൈയിൽ കൊണ്ടുനടക്കുകയാണ്! ഇതു നിനക്കു തരാം."

"ഹായ് ഹായ്! എങ്കിൽ ഈ കരൾ വേഗം തന്നേക്കൂ. എനിക്കു വിശന്നിട്ടു വയ്യ." കരിമ്പൂതം വേഗം മിടുക്കനുണ്ണിയുടെ കൈയിലിരുന്ന ബലൂൺ തട്ടിപ്പറിച്ചെടുത്തു.



കരിമ്പൂതം ആർത്തിയോടെ ആ ബലൂണിൽ ഒറ്റയടി!

"ഠോ!" ഉഗ്രൻ ശബ്ദത്തോടെ ബലൂൺ പൊട്ടി. അതോടെ പൂതം പേടിച്ചുവിറച്ചു. അവൻ ഉറക്കെക്കരഞ്ഞുകൊണ്ട് ഓടെടാ ഓട്ടം!

ഈ തക്കത്തിനു മിടുക്കനുണ്ണി അവിടെനിന്നു രക്ഷപ്പെട്ടു. കാട്ടിൽ ഒളിച്ചിരുന്ന ചങ്ങാതിമാരും അപ്പോഴേക്കും അവന്റെ അരികിലെത്തി.

"എടാ മിടുക്കനുണ്ണീ, നിന്റെ ബുദ്ധികൊണ്ടാണ് നമ്മൾ രക്ഷപ്പെട്ടത്. വേണ്ടപ്പോൾ ബുദ്ധിതോന്നണമെന്നു ഞങ്ങൾക്കിപ്പോൾ മനസ്സിലായി." അവർ അവനെ കെട്ടിപ്പുണർന്നു.

# ഈശോ

FROM THE BIBLE 39



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**നാ**ളതുവരെ അവൻ നടന്ന വഴികളെല്ലാം കാൽവരിയിലേക്കു നീണ്ടുകിടന്ന പ്രധാനവീഥിയിൽ സംഗമിച്ചു. അതിലൂടെ തന്റെ ദൗത്യപൂർത്തീകരണത്തിന്റെ വിജയശൃംഗത്തിലേക്കു രക്ഷയുടെ പ്രതീകമായി താൻ മാറ്റിയ ശിക്ഷയുടെ ചിഹ്നവും വഹിച്ച് ഏകാന്തപഥികനായി അവൻ നടന്നു. അതുകൊണ്ടുതന്നെ അതു കുരിശിലേക്കുള്ള വഴി എന്നതിലുപരി മനുഷ്യകുലത്തിന്റെ നിത്യരക്ഷയിലേക്കുള്ള കുരിശായി. ദൃഢചിത്തനായി അവൻ നടന്നു, കാരണം, അവന് എത്തിച്ചേരാൻ ലക്ഷ്യസ്ഥാനവും എത്തിപ്പിടിക്കാൻ ലക്ഷ്യങ്ങളും മുമ്പിലുണ്ടായിരുന്നു. അതിനാൽത്തന്നെ അവനെ പിന്തിരിപ്പിക്കാൻ ഒരു ബാഹ്യശക്തിക്കും കഴിഞ്ഞില്ല. നമ്മുടെ ഏവരുടെയും നിത്യരക്ഷയിലേക്കു നീണ്ടുകിടന്ന ആ വഴിയിൽ പലതവണ പാദമിടറിയപ്പോഴും നമ്മെക്കുറിച്ചുള്ള ഓർമകൾ ചിതറിവീഴാതെ അവൻ ചേർത്തുപിടിച്ചിട്ടുണ്ടാവണം.

നാമും യാത്രികരല്ലേ? പലതിനെയും തേടിയും നേടാനുമുള്ള പ്രയാണത്തിലല്ലേ നാമും? നമ്മുടെ മാർഗങ്ങളും ലക്ഷ്യങ്ങളും ഒരുപോലെ പവിത്രമായിരിക്കട്ടെ. മറ്റുള്ളവരുടെ ഇല്ലായ്മകളിലേക്കും കുറവുകളിലേക്കും ആയിരിക്കണം നമ്മുടെയും ചുവടുകൾ ചലിക്കേണ്ടത്. വയ്ക്കുന്ന ഓരോ ചുവടും നിർണായകമാണ്. നമ്മുടെയും മറ്റുള്ളവരുടെയും ജീവിതങ്ങളെ അതു സാരമായി ബാധിക്കും. ആകയാൽ, തെറ്റായ ദിശകളിലൂടെ നാശോന്മുഖമായുള്ള യാത്രകൾ ഇവിടെ വച്ച് അവസാനിപ്പിക്കാം. പതനത്തിലേക്കുള്ള പാതകളിൽനിന്നു പാതിദൂരത്തെങ്കിലുംവച്ചു പിന്തിരിയാം. തെറ്റുകളിലേക്ക്, തന്നിഷ്ടങ്ങളിലേക്ക്, വിശ്വാസരാഹിത്യത്തിലേക്ക് തുടങ്ങി ദൈവമക്കളെന്ന നിലയിൽ നമുക്കു ചേരാത്ത ചിലയിടങ്ങളിലേക്ക് നമ്മുടെ പാദങ്ങൾ വ്യഗ്രതപൂണ്ടു സഞ്ചരിച്ചിട്ടുണ്ടാവാം. നമ്മുടെ വഴികളെയും ചുവടുകളെയും വിശുദ്ധീകരിക്കണമേയെന്നു പ്രാർഥിക്കാം. ആരുടെയും പതനം കൊതിക്കേണ്ട. നാമുൾപ്പെടെ നില്ക്കുന്നവയൊക്കെയും എന്നെങ്കിലും നിപതിക്കേണ്ടവതന്നെയാണ്. ആത്യന്തികമായി നാം നടത്തേണ്ട നാകോന്മുഖമായ യാത്രയെക്കുറിച്ചു നോമ്പിന്റെ നാളുകളിൽ ചിന്തയുള്ളവരാകാം. അനുദിനക്ലേശങ്ങളുമേന്തിയുള്ള നമ്മുടെ യാത്രയിൽ നാം അനാഥരല്ല. ആരും കൂട്ടിനില്ലാത്തവൻ കരംപിടിച്ചു കൂടെത്തന്നെയുണ്ട്. ആയുസ്സിന്റെ ശിഷ്ടദൂരം കുരിശു ചുമന്നവനെ കൂട്ടുപിടിച്ചു നടക്കാം. ■



## പ്രയാണം

കുന്ന വഴിയായിരുന്നു. കല്ലുകളും മുള്ളുകളും നിറഞ്ഞതും അധികമാരും ചവിട്ടിയിട്ടില്ലാത്തതുമായ നടവഴി. മരണത്തിലേക്കല്ല, മഹിതോത്ഥാനത്തിലേക്കുള്ള യാത്രയായിരുന്നു അത്. മണ്ണിന്റെ മാറിലൂടെ അവൻ ചെയ്ത മണിക്കൂറുകൾ മാത്രം നീണ്ട അന്തിമയാത്ര. മൂന്നുവർഷത്തെ തന്റെ തിരക്കേറിയ ജീവിതത്തിൽ എത്രയോ ദൂരങ്ങൾ അവൻ സഞ്ചരിച്ചു. ഓരോ യാത്രയ്ക്കും അതിന്റേതായ ലക്ഷ്യങ്ങളുണ്ടായിരുന്നു. അവന്റെ നടപ്പാതകൾ നീണ്ടുപോയത് മറ്റുള്ളവരുടെ നന്മയിലേക്കായിരുന്നു. സഹജരുടെ അവസ്ഥകളിലേക്കും ആവശ്യങ്ങളിലേക്കും നീണ്ട സഞ്ചാരമായിരുന്നു അവയോരോന്നും. അന്ധരുടെ അന്ധകാരത്തിലേക്കും ബധിരരുടെ ബന്ധനത്തിലേക്കും മൂകരുടെ മൗനത്തിലേക്കും വ്യഥിതരുടെ വേദനകളിലേക്കുമൊക്കെ അവൻ യാത്രപോ

# ശൗചാലയം

ശ്രേഷ്ഠമലയാളം

ഡേവിസ് സേവ്യർ



ദുഃഖം, വിലാപം, കരച്ചിൽ എന്നെല്ലാം അർഥമുള്ള ഒരു സംസ്കൃത വാക്കാണ് ശോചനം. ശോചന ശബ്ദത്തോട് ആലയം ചേർത്ത് ശോചനാലയം (ശോചന+ആലയം = ശോചനാലയം) എന്ന സമസ്തപദം സൃഷ്ടിക്കാം. ആലയത്തിന് വീട്, വാസസ്ഥാനം എന്നൊക്കെ പ്രസിദ്ധാർഥമിരിക്കേ, ശോചനാലയത്തിന് ദുഃഖിക്കുന്ന സ്ഥലം എന്നേ അർഥം വരൂ. എന്നാൽ ശൗചം ചെയ്ത് ശുചിയാക്കുന്ന ഇടം എന്ന വിവക്ഷയിൽ ശോചനാലയം എന്നു ചിലർ പ്രയോഗിച്ചുകാണുന്നു. ശോചനാലയവും ശൗചാലയവും ഒന്നാണെന്ന ധാരണയുടെ ഫലമാണത്.

ശുദ്ധിവരുത്തലാണ് ശൗചം. അതിനു ശോചനവുമായി യാതൊരു ബന്ധവും ഇല്ല. ശൗചം ചെയ്യുക എന്നതിനു ശൗചിക്കുക എന്നു പറയാറുണ്ട്. മലവിസർജനം ചെയ്തശേഷമുള്ള ശുദ്ധിയാക്കലാണത്. ചൗതിക്കുക, ചമിതിക്കുക, ചവരിക്കുക, ചൗരിക്കുക എന്നൊക്കെ വാമൊഴിയിൽ കേൾക്കാറുണ്ടല്ലോ. ശൗചം ചെയ്യുന്നതിനുള്ള പ്രത്യേക സ്ഥലമാണ് ശൗചാലയം. പൊതുസ്ഥാപനപരിസരത്തും പട്ടണപ്പാതയോരത്തുമാണ് ശൗചാലയങ്ങൾ കാണപ്പെടുന്നത്. *സർക്കാരിന്റെ ദേശീയപദ്ധതി പരാമർശത്തിലും ശുദ്ധിവരുത്തുന്ന സ്ഥലം ശൗചാലയമാണ്; ശോചനാലയമല്ല. വല്ല ഹിന്ദിക്കാരോ മറ്റോ ശൗചാലയത്തെ 'ശോചനാലയം' എന്നു വിളിച്ചിട്ടുണ്ടാവണം. അതു കേൾക്കേണ്ട താമസം മാധ്യമങ്ങൾ ശൗചാലയത്തെ വിട്ട് ശോചനാലയം പ്രചരിപ്പിക്കുകയായി! മലയാളഭാഷയുടെ ശുദ്ധി കാംക്ഷിക്കാത്തവർക്ക് ശൗചാലയം ആയാലെന്താണ്, ശോചനാലയം ആയാലെന്താണ്? മൂത്രമോ മലമോ വിസർജിച്ചശേഷം കഴുകാനൊരിടം അത്രതന്നെ! പേരുതെറ്റിയെന്നു കരുതി ആരും സ്ഥലം മാറി കയറുകയില്ല എന്ന കുയുക്തിയും ആകാം.

പണ്ടത്തെ കക്കൂസും കുളിമുറിയുമൊക്കെയാണ് പിന്നീട് കംഫർട്ട് സ്റ്റേഷൻ ആയി മാറിയത്. അതിനെ വീണ്ടും പരിഷ്കരിച്ച്, ശുചിമുറി എന്ന വാക്കും പ്രചാരത്തിൽ വന്നിട്ടുണ്ട്. വസ്തുത എന്തായാലും, ശുദ്ധിവരുത്താൻ ഒരുക്കിയിരിക്കുന്ന സ്ഥലത്തിനു ശൗചാലയം എന്നുതന്നെ വ്യവഹരിക്കണം. ശൗചാഗാരവും ശരിയായ പ്രയോഗമാണ്. ആഗാരം എന്നാൽ വീട് എന്നർഥം. ശൗചം ചെയ്യുന്നതിനുള്ള പ്രത്യേക കൂരയാണ് ശൗചാഗാരം. ടെലിവിഷൻ ചാനലുകളിലും ആകാശവാണിയിലും കേൾക്കാറുള്ള ഒരു പദമാണ് 'ശോചനാലയം.' ദുഃഖിക്കുന്ന ഒരു സ്ഥലം എന്നാണ് അർഥമാക്കുന്നതെങ്കിൽ ശോചനാലയം ശരിയാണ്. എന്നാൽ, ശൗചം ചെയ്ത് ശുചിയാക്കുന്ന സ്ഥലം എന്ന അർഥത്തിലാണ് ശോചനാലയം ഉപയോഗിക്കുന്നതെങ്കിലോ? അതു ശരിയല്ല. ഉദ്ദേശിച്ച അർഥം കിട്ടണമെങ്കിൽ ശൗചാലയം എന്നുതന്നെ വേണം** എന്ന് മണമ്പൂർ രാജൻ ബാബു രേഖപ്പെടുത്തിയിട്ടുണ്ട്.

* നാരായണൻ, വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 112, 113.

** രാജൻ ബാബു മണമ്പൂർ, നമ്മുടെ നല്ല ഭാഷ, എച്ച് & സി, ബുക്സ്, തൃശൂർ, 2018, പുറം – 48.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ദൈവഭക്തി എല്ലാറ്റിനെയും അതിശയിക്കുന്നു; അതിനെ മുറുകെപ്പിടിക്കുന്നവൻ അതുല്യൻ.

പ്രഭാഷകൻ 25:11

**എഡിറ്റോറിയൽ**

# മാധ്യമങ്ങൾക്ക് കൂച്ചുവിലങ്ങിടാൻ ആർക്കാണധികാരം?

**മാ**ധ്യമങ്ങളെ ജനാധിപത്യത്തിന്റെ നാലാംതൂണായി വാഴ്ത്തിയുയർത്തി ഉറപ്പിച്ചു നിർത്തുമ്പോഴും, ആ തൂണിനെ ഇളക്കിമറിക്കാൻ വെമ്പൽകൊള്ളുന്ന ഭരണക്കാരുടെ നിഗൂഢാജൻഡകൾ ഭരണിയരെ ഭീതിയിലാഴ്ത്തുന്നു. ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യത്തിന്റെ ഗ്രാഫ് കഴിഞ്ഞ കുറെ നാളുകളായി പരിതാപകരമാംവിധം താഴേക്കാണെന്ന മാധ്യമനിരീക്ഷകരുടെ അവലോകനങ്ങളെ തള്ളിക്കളയാനാവില്ല.

മാധ്യമങ്ങളിലെ ഉള്ളടക്കത്തിന്റെ നിജസ്ഥിതി പരിശോധിക്കാനും ആവശ്യമെങ്കിൽ അവ നീക്കം ചെയ്യാനുമുള്ള അധികാരം കേന്ദ്രസർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോയ്ക്കു(പി.ഐ.ബി.) നൽകുന്ന ഐ.ടി. ഭേദഗതിയുടെ കരടുവ്യവസ്ഥയാണ് മാധ്യമസ്വാതന്ത്ര്യത്തിനു പുതിയ ഭീഷണിയുയർത്തുന്നത്. ഇതു നടപ്പായാൽ പി.ഐ.ബി. വ്യാജമെന്നു വിലയിരുത്തുന്ന എന്തു വാർത്തയും സമൂഹമാധ്യമങ്ങളടക്കം ഓൺലൈൻ പ്ലാറ്റ്ഫോമിൽനിന്ന് ഒഴിവാക്കേണ്ടതായിവരും.

അശ്ലീലം, ആൾമാറാട്ടം, കുട്ടികൾക്കെതിരായ ഉള്ളടക്കം, സന്ദേശത്തിന്റെ ഉറവിടം സംബന്ധിച്ച തെറ്റുധാരണസൃഷ്ടിക്കൽ, മതങ്ങൾ/ജാതികൾ തമ്മിൽ വൈരം സൃഷ്ടിക്കൽ, വ്യാജ ഉള്ളടക്കം, രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയങ്ങൾ എന്നീ ഏഴിനം ഉള്ളടക്കങ്ങളുണ്ടെങ്കിൽ പരാതി ലഭിച്ച് 72 മണിക്കൂറിനകം നീക്കം ചെയ്യണമെന്ന് അനുശാസിക്കുന്ന ഉത്തരവ് മൂന്നുമാസംമുമ്പേ പ്രാബല്യത്തിലായതാണ്. വസ്തുതാവിരുദ്ധവും തെറ്റുധാരണാജനകവുമായ വ്യാജവാർത്തകളാണ് കൂടുതൽ കോളിളക്കം സൃഷ്ടിക്കുന്നത്. 72 മണിക്കൂറെന്നത് ഇരുപത്തിനാലായി ക്രമേണ കുറയ്ക്കുമെന്ന് കേന്ദ്രം മുമ്പു വ്യക്തമാക്കിയിരുന്നു. ഇതു നിലനില്ക്കെയാണ് ഈയിടെ പി.ഐ.ബി.യുടെ പുതിയ കരടുവ്യവസ്ഥ പ്രകാരം സ്വതന്ത്രമാധ്യമപ്രവർത്തനത്തെ തളയ്ക്കാൻ സർക്കാർ ഗൂഢതന്ത്രമേർപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രത്തിനെതിരായ വാർത്തകൾ സൗകര്യപൂർവം നീക്കം ചെയ്യാനുള്ള അവസരമായി പുതിയ വ്യവസ്ഥ ദുരുപയോഗം ചെയ്യപ്പെടുമോയെന്ന ആശങ്ക അസ്ഥാനത്തല്ല.

പ്രസ് ഇൻഫർമേഷൻ ബ്യൂറോ കേന്ദ്രസർക്കാരിന്റെ ഔദ്യോഗികവാർത്താവിതരണ ഏജൻസിയാണ്. സർക്കാരിന്റെ നയപരിപാടികൾ പ്രചരിപ്പിക്കാനും സർക്കാരിനെതിരേയുള്ള വിമർശനങ്ങളെ പ്രതിരോധിക്കാനും സർക്കാർപദ്ധതികൾ മെച്ചപ്പെട്ടരീതിയിൽ പ്രസിദ്ധംചെയ്യാനും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പി.ഐ.ബി. സർക്കാർവകുപ്പിന്റെ ഭാഗംതന്നെയാണ്. പ്രസ്തുത ഏജൻസി മാധ്യമവാർത്തകൾ പരിശോധിച്ചു വിധികല്പിക്കുന്ന സ്ഥിതിയുണ്ടായാൽ അതു സെൻസർഷിപ്പിനു തുല്യമാണ്. സർക്കാരിനെ വിമർശിക്കാനുള്ള സ്വാഭാവിക പൗരാവകാശത്തിനും ജനാധിപത്യസ്വാതന്ത്ര്യത്തിനും വിലക്കേർപ്പെടുത്താനുള്ള സർക്കാർസംവിധാനത്തിന്റെ ഗൂഢോദ്ദേശ്യമാണ് മറനീക്കി പുറത്തുവന്നിരിക്കുന്നതെന്നാണു വിമർശനം.

സമൂഹമാധ്യമങ്ങളിലൂടെയും ഇതരമാധ്യമങ്ങളിലൂടെയും പടച്ചുവിടുന്ന അസത്യവും അബദ്ധജടിലവുമായ വാർത്തകൾക്കും പ്രചാരണങ്ങൾക്കും അറുതിവരുത്തണമെന്ന കാര്യത്തിൽ തർക്കമില്ല. ടെലിവിഷൻ മുതലായ ദൃശ്യമാധ്യമചർച്ചകളിലെ ആഭാസത്തരങ്ങളും വിദ്വേഷജനകമായ പ്രസ്താവനകളും അതിൽ അവതാരകർ പങ്കാളികളാകുന്നതും സുപ്രീംകോടതി ഗൗരവമായി നിരീക്ഷിച്ചിട്ടു ദിവസങ്ങളായില്ല. മതസ്പർധയുണ്ടാക്കുംവിധം പച്ചയായ വർഗീയപ്രചാരണം അഴിച്ചുവിട്ടതിന്റെ പേരിൽ ചാനലിന്റെ എഡിറ്റർകൂടിയായ അവതാരകന്റെ പേരിൽ ഡൽഹി പൊലീസ് ഈയിടെ കേസെടുത്തതും സുപ്രീംകോടതിയുടെ അവസരോചിതമായ ഇടപെടൽകൊണ്ടുമാത്രമാണ്. മാധ്യമങ്ങളിലെ അശ്ലീലമുൾപ്പെടെയുള്ള ദുഷ്ചെയ്തികൾക്കു യാതൊരു വിലക്കുമേർപ്പെടുത്താൻ നാളിതുവരെയായിട്ടും ആത്മാർഥതയോ ഇച്ഛാശക്തിയോ കാണിക്കാത്ത സർക്കാരിന്റെ പുതിയ ഐ.ടി. ചട്ടഭേദഗതി സംശയാസ്പദമാകുന്നതിനും വിമർശനവിധേയമാകുന്നതിനും ആരെയും പഴിച്ചിട്ടു കാര്യമില്ല.

ജനാധിപത്യം അർഥവത്താകണമെങ്കിൽ മാധ്യമസ്വാതന്ത്ര്യം പരിപൂർണമായി സംരക്ഷിക്കപ്പെടണം. ഇത് സുപ്രീംകോടതി ഒട്ടേറെത്തവണ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശംതന്നെയായ അഭിപ്രായസ്വാതന്ത്ര്യത്തിനു ചാപ്പകുത്താനോ കൂച്ചുവിലങ്ങിടാനോ ഒരു സർക്കാരിനും അധികാരമില്ല. എല്ലാക്കാലവും മാനിക്കപ്പെടേണ്ട മാധ്യമസ്വാതന്ത്ര്യത്തിനു വിലക്കേർപ്പെടുത്താനുള്ള പി.ഐ.ബിയുടെ രഹസ്യതന്ത്രങ്ങളും അജൻഡകളും ജനാധിപത്യഭാരതത്തെ ദുർബലപ്പെടുത്താനേ സഹായിക്കൂ. ഭരണത്തിന്റെ നല്ല വശങ്ങൾ ജനങ്ങളിലെത്തിക്കുന്നതുപോലെതന്നെ വീഴ്ചകളും പോരായ്മകളും പൊതുജനമധ്യത്തിൽ തുറന്നുകാട്ടുന്നതും മാധ്യമധർമമാണ്. സ്വതന്ത്രമാധ്യമപ്രവർത്തനത്തോടു പ്രതിബദ്ധത കാണിക്കുന്നതും പ്രതികരിക്കാനുള്ള പൗരാവകാശത്തെ പ്രതിപക്ഷബഹുമാനത്തോടെ സ്വാഗതം ചെയ്യുന്നതും ക്രിയാത്മകസർക്കാരിന്റെ സത്യസന്ധമായ ധർമബോധത്തിന്റെ ഭാഗംതന്നെയാണ്. ■



## പ്രതികരണം

# മനുഷ്യനന്മ ഉയർത്തിപ്പിടിക്കണം

സ്വഭാവവൈശിഷ്ട്യത്തിന്റെ മേന്മയെക്കുറിച്ച് ജോസ് വഴുതനപ്പിള്ളി എഴുതിയ ലേഖനം (നാളം 46) നന്നായിരുന്നു. എല്ലാം വെട്ടിപ്പിടിക്കാനുള്ള പരക്കംപാച്ചിലിനിടയിൽ വ്യക്തിഗുണത്തിന് അധികമാരും ഇന്നു വലിയ പ്രാധാന്യം കല്പിക്കാത്തതുപോലെ തോന്നിയിട്ടുണ്ട്. എല്ലാവരെക്കൊണ്ടും നല്ലതു പറയിപ്പിച്ചിട്ടു ജീവിക്കാനാവില്ലായെന്ന ന്യായമാണ് ഇക്കൂട്ടർക്കുകൂട്ട്. അതിൽ സത്യമില്ലെന്നല്ല. സമൂഹത്തിൽ ജീവിക്കുമ്പോൾ തീർച്ചയായും വലുതും ചെറുതുമായ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടിവരും. എന്നുകരുതി എന്തു തോന്ന്യാസവും കാണിക്കാമെന്നാണോ?

സത്യവും നീതിയും മുറുകെപ്പിടിച്ചു ജീവിക്കുന്നവർക്ക് വിമർശനങ്ങൾക്കു മുമ്പിൽ മനഃസാക്ഷിക്കുത്തിന്റെ ആവശ്യമില്ല. എല്ലാം കാലം തെളിയിക്കുമെന്ന് അവർക്ക് ഉത്തമബോധ്യമുണ്ട്. അവിടെയാണ് വ്യക്തിവൈശിഷ്ട്യത്തിന്റെ കാതൽ. ലോകം നശിച്ചു, നന്മയ്ക്കു വിലയില്ലാതായിരിക്കുന്നു, ഇനി എന്തുമാകാം എന്നു സ്വഭാവമഹിമയുള്ളവർ ചിന്തിക്കുന്നില്ല. അവർക്ക് ഒരു ആദർശമുണ്ട്. ഓരോന്നിനെക്കുറിച്ചും വ്യക്തമായ ബോധ്യങ്ങളുണ്ട്, കാഴ്ചപ്പാടുകളുണ്ട്. അവർ സത്യത്തോടു ചേർന്നുനില്ക്കുന്നു. അപരനു നന്മ ചെയ്തിട്ടും തിരിച്ചുകിട്ടിയ തിക്താനുഭവങ്ങളെക്കുറിച്ച് അവർക്കു ദുഃഖമില്ല. കാരണം, അവർക്കറിയാം, നാരങ്ങായിൽനിന്നു നാരങ്ങാനീരേ പുറത്തുവരൂ. മധുരം ലഭിക്കണമെങ്കിൽ മധുരനാരങ്ങയിൽ കുത്തണം.

ഇതൊക്കെയാണെങ്കിലും മാറ്റമില്ലാത്ത പ്രകൃതിവസ്തുക്കളും മനുഷ്യനും തമ്മിൽ വലിയ അന്തരമുണ്ട്. മനുഷ്യന് മധുരനാരങ്ങയാകാൻ കഴിയും. ദുഷിച്ച പാരമ്പര്യഗുണങ്ങൾ ഉള്ളിൽ പേറുന്ന വ്യക്തിക്കും തന്നെത്തന്നെ മാറ്റിയെടുത്ത് നല്ലൊരു വ്യക്തിയായി മാറാൻ കഴിയും. ഏതു കവർച്ചക്കാരനും കൊലപാതകിക്കും മാനസാന്തരത്തിനു വഴിയുണ്ട്. എത്രയെത്ര സാക്ഷ്യങ്ങൾ! ജന്മനാ ലഭിക്കുന്ന സ്വഭാവമഹിമ ഒരു ഈശ്വരാനുഗ്രഹംതന്നെ. അല്ലാത്തവർക്കും അതു പ്രാപ്യമാണ്. നന്മയുടെ വഴിയിലേക്കു തിരിയുക. ഇക്കാര്യമാണ് ജോസ് വഴുതനപ്പിള്ളി പറയുന്നത്. ഒരു സാംസ്കാരികവാരികയ്ക്കു ചേരുന്ന ലേഖനം. മനുഷ്യനന്മ ഉയർത്തിപ്പിടിക്കുന്ന ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. ജോസിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**തോമസ് മാത്യു**
**കട്ടപ്പന**

# ജനത്തെ കബളിപ്പിക്കുന്നവർ

ഡിജോ കാപ്പന്റെ ലേഖനം 'കേരളത്തെ ഭക്ഷണം കഴിപ്പിച്ചു കൊല്ലുന്നതാര്?' കാലോചിതമായി. മായം കലർന്ന ഭക്ഷണം കഴിച്ചുണ്ടായ ഏതാനും മരണങ്ങളാണ് ഇപ്പോൾ ഈ വിഷയം ഒരു ചർച്ചയാകാൻ കാരണം. ഇതു നമ്മുടെയൊരു പൊതുരീതിയാണ്. മണ്ണിടിച്ചിലും വെള്ളപ്പൊക്കവുമുണ്ടായാൽ ഉടൻ ഡിസാസ്റ്റർ മാനേജ്മെന്റ് ഉണരുകയായി. മുഖ്യമന്ത്രി പത്രസമ്മേളനം നടത്തുന്നു, ദുരന്തത്തിൽ മരണപ്പെട്ടവർക്ക് ആശ്വാസധനം പ്രഖ്യാപിക്കുന്നു, അന്തിച്ചർച്ച പൊടിപൊടിക്കുന്നു. എല്ലാം കെങ്കേമം. പൊതുജനം വീട്ടിലിരുന്ന് ഈ 'ആഘോഷ'ത്തിൽ പങ്കുചേരുന്നു. പകർച്ചപ്പനി വരുമ്പോഴും ഇതുതന്നെ രീതി.

ഒരു നാടിന്റെ ആരോഗ്യസുരക്ഷ സുപ്രധാനവിഷയമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണമേകുകയെന്നതാണല്ലോ ഒരു സർക്കാരിന്റെ പ്രഥമ ഉത്തരവാദിത്വം. ആഭ്യന്തരവകുപ്പുണരണമെങ്കിൽ നാട്ടിൽ നാലു കൊലപാതകമെങ്കിലും അടുക്കലടുക്കൽ സംഭവിക്കണം. അപ്പോൾ ക്രിമിനലുകളെയും ഗുണ്ടാലിസ്റ്റിലുള്ളവരെയും കണ്ടുപിടിക്കാൻ നല്ല വശമാണ്. നിരന്തരമായ ചോദ്യംചെയ്യൽ രാപകൽ തുടരുന്നു. രാഷ്ട്രീയകൊലപാതകമാണു നടന്നതെങ്കിൽ നേതാക്കളെ അറസ്റ്റു ചെയ്യുന്ന ഒരു രീതിയും നിലവിലുണ്ട്. ഇവർ പുറത്തിറങ്ങുന്നതാരും അറിയുന്നില്ല. എല്ലാം ഒരു പ്രഹസനം.

ഗുണ്ടകളും ക്രിമിനലുകളുമൊക്കെ ഇവിടെ നിർഭയം വാഴുന്നത് രാഷ്ട്രീയക്കാരുടെ സ്നേഹപരിലാളനകളേറ്റാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ഇവരൊക്കെ കുറ്റകരമായ സാഹചര്യം സൃഷ്ടിക്കുന്നവരാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ നേതാക്കൾ ഒത്താശ ചെയ്തുകൊടുക്കുന്നു. മൂടിവയ്ക്കാനാവാത്ത അപകടങ്ങളും അനർഥങ്ങളും സംഭവിക്കുമ്പോൾമാത്രം ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി ഒരു പരിശോധന! എത്ര നാളായി പൊതുജനം ഇതു കണ്ടുകൊണ്ടിരിക്കുന്നു. പ്രശ്നങ്ങൾക്കു ശാശ്വതമായ ഒരു തീർപ്പുണ്ടാക്കാൻ സർക്കാരിനു തന്റേടമുണ്ടോ? അതാണു ജനത്തിനറിയേണ്ടത്.

**കെ.ജി. പുരുഷോത്തമൻ**
**കായംകുളം**



ടി.പി. ശാസ്തമംഗലം

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# മടുപ്പിക്കുന്ന കയ്പുനാരങ്ങ

'നമ്മുടെ നാടക-ചലച്ചിത്ര ഗാനങ്ങൾക്ക് അനേകവർഷങ്ങളുടെ പഴക്കമുണ്ട്. എന്നാൽ, അവയ്ക്കുപിന്നാലെ അധികം താമസിയാതെ കാസറ്റുകളിലൂടെ ചലച്ചിത്രേതരഗാനങ്ങൾ പിറന്നു. അവയുടെ പിൻതുടർച്ചയാണ് മ്യൂസിക്കൽ വീഡിയോകൾ. യൂട്യൂബിലൂടെയും മറ്റും പ്രചരിക്കാൻ സാധ്യതയേറെയുള്ളതിനാൽ ഇത്തരം പാട്ടുകൾക്കാണ് ഇപ്പോൾ പ്രാധാന്യം ലഭിക്കുന്നത്. ചലച്ചിത്രഗാനങ്ങളേക്കാൾ അധഃപതിച്ച പേട്ടുപാട്ടുകളാണ് ഇന്നു മ്യൂസിക്കൽ വീഡിയോകളായി പുറത്തുവരുന്നത് എന്ന യാഥാർഥ്യം ബോധപൂർവമോ അല്ലാതെയോ പലരും മറന്നുപോകുന്നു.

'ഒരു കിടിലോസ്കി പ്രണയം' എന്ന വിശേഷണത്തോടെ 'മധുരനാരങ്ങ' എന്നു പേരിട്ട ഒരു മ്യൂസിക്കൽ വീഡിയോ ഈ പുതുവർഷത്തിൽ പുറത്തിറങ്ങി. അതിന്റെ രചനയും സംഗീതവും ആലാപനവും നിർവഹിച്ചിരിക്കുന്നത് ഒരാളാണ് - സുഖിൽ നാരാണിപ്പുഴ. ഇരുപതു വരികളുള്ള സ്വല്പം നീണ്ട ഗാനമാണിത്. ഗദ്യത്തിൽ പറയേണ്ടത് ഗാനമായി പാടിയിരിക്കുന്നു എന്നേയുള്ളൂ. കാണുക:

"മാനത്തെ വാർമഴവില്ലിൻ
മറവിനെ

വെൺമേഘമുകിലിനോ
ടിഷ്ടം തോന്നി

മാനത്തു ചെന്നു വെൺമേ
ഘമുകിലനോ-

ടിഷ്ടം പറയുവാൻ മോഹ
മായി"

ആർക്കും ആരോടും എപ്പോൾ വേണമെങ്കിലും ഇഷ്ടം തോന്നാം. ആദ്യത്തെ ഈരടി വായിച്ചുനോക്കൂ. ചെറിയ കല്ലു കടിയല്ല ശരിക്കും വലിയ പാറയെടുത്തു കടിക്കുമ്പോലെയുണ്ട്. വാർമഴവില്ലും വെൺമേഘവും തമ്മിലല്ല ഇവിടെ ഇഷ്ടം. വാർമഴവില്ലിന്റെ മറവിനെ എന്നെഴുതാൻ സുഖിലിനെ പ്രേരിപ്പിച്ച ഘടകമെന്താണാവോ? അദ്ദേഹത്തിനു മാതൃഭാഷയോട് തീരെ ബഹുമാനമില്ല എന്നതിന് ഈ പല്ലവി മാത്രം മതി തെളിവ്. വെൺമേഘമുകിലെന്ന് എഴുതാൻ അദ്ദേഹത്തിന് എങ്ങനെ മനസ്സു വന്നു എന്നാണ് ഞാനിപ്പോൾ ആലോചിക്കുന്നത്. മേഘവും മുകിലും ഒന്നാണെന്നുപോലും അദ്ദേഹത്തിനറിയില്ല. കഷ്ടം! മഴവില്ലും മേഘവും (സുഖിലിന്റെ ഭാഷയിൽ പറഞ്ഞാൽ മേഘമുകിൽ) ആകാശത്താണുള്ളത്. അപ്പോൾ മാനത്തു ചെന്ന് ഇഷ്ടം പറയാൻ മോഹിക്കുന്നത് ആരാണ്? ഈ നാലു വരികളിൽ എത്രയെത്ര അബദ്ധങ്ങളാണ് കടന്നുകൂടിയതെന്നു നോക്കുക.

"നിന്നെ ഞാൻ കണ്ടൊരാ
നേരം

എന്നുള്ളിൽ പതിഞ്ഞൊരാ
മോഹം

കാറ്റായ് നീയെന്നിൽ
തലോടി നീ

ചിരിതൂകിയെന്നരികിലായ്
വന്നുനിന്നു"

ദൃശ്യങ്ങളിൽനിന്ന് ഇതൊരു പ്രണയഗാനമാണെന്നു നമുക്കു ഗ്രഹിക്കാം. അതിനുവേണ്ടിയാണ് വാർമഴവില്ലിനെയും (വാർമഴവില്ലിന്റെ മറവിനെയും എന്നു ഗാനരചയിതാവ്) 'വെൺമേഘമുകിലി'നെയും അദ്ദേഹം കൂട്ടുപിടിച്ചത്. ഈ അനുപല്ലവിയിലെത്തുമ്പോൾ 'നീയും ഞാനു'മൊക്കെ കടന്നുവരുന്നു. സാധാരണവരികൾ എഴുതി ഗാനമാക്കി മാറ്റിയിരിക്കുന്നു മൂന്നു പ്രക്രിയകൾ (രചന, സംഗീതം, ആലാപനം എന്നിവ) ഒരുമിച്ചു കൈകാര്യം ചെയ്ത സുഖിൽ നാരാണിപ്പുഴ. 'കാറ്റായ് നീയെന്നിൽ തലോടി നീ' എന്ന വരി ശ്രദ്ധിച്ചോ? രണ്ടു തവണ 'നീ' കടന്നുവരുന്നു. രചയിതാവും സംഗീതസംവിധായകനും ഒരാളായസ്ഥിതിക്ക് ആവർത്തനം ഒഴിവാക്കാമായിരുന്നു.

"മാനത്തെ വാർമഴവില്ലിൻ
പടവുകൾ

പാദം പതിഞ്ഞെന്റെ യാത്ര
യായി

മോഹം തുളുമ്പുമീ
സ്നേഹം പറയുവാൻ

അരികിലേക്കിന്നു ഞാൻ
വന്നതാണേ."

ഒരേ വാക്കുകളുടെ ആവർത്തനം ഗാനത്തെ ദൂഷിപ്പിക്കും. അതു മനസ്സിലാക്കാതെ എത്രയെത്ര പദങ്ങളാണ് രചയിതാവ് വീണ്ടും വീണ്ടും എഴുതിയിരിക്കുന്നത്. ഇതു പാടുന്ന നായകൻ അങ്ങ് വാർമഴവില്ലിന്റെ അരികിലെത്തി. വാർമഴവില്ലിനു പടവുകളുണ്ടെന്ന കണ്ടുപിടിത്തം സ്വല്പം കടന്നുപോയി. വരികൾക്കൊന്നും കെട്ടുറപ്പില്ല. ആശയം കണ്ടെത്താനാകാത്തവിധം അവ ദുർഗ്രഹവുമാണ്. ഈ ലേഖകൻ അധ്യാപകനല്ല. അങ്ങനെയായിരുന്നുവെങ്കിൽ, ഈ ഗാനത്തിനു മാർക്കിട്ടാൽ നൂറിൽ അഞ്ചിനു താഴെ മാത്രമേ ഞാൻ നല്കുകയുള്ളൂ. ഭാഷയറിയാതെ, കവിത്വമില്ലാതെ എന്തെങ്കിലുമൊക്കെ എഴുതാമെന്നു കരുതുന്നവർക്ക് ഇതായിരിക്കും ഗതിയെന്നാണ് 'മധുരനാരങ്ങ' തെളിയിച്ചിരിക്കുന്നു. ശരിക്കു പറഞ്ഞാൽ ഇതു മധുരനാരങ്ങയല്ല കയ്പുനാരങ്ങ!

■

## കുഴിമടിയൻ

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്



അവൻ കുഴിമടിയനാണ്. പക്ഷേ, അവന്റെ മോഹങ്ങളുടെ അതിര് ആകാശമാണ്.

വെറുതെ മോഹിച്ചാൽ പോരല്ലോ! ലക്ഷ്യം തിരഞ്ഞെടുത്താൽ പോരല്ലോ!

ജീവിതത്തിന്റെ കാലയളവ് തിട്ടമല്ലാതിരിക്കേ കാത്തിരിപ്പിന് ഒരു പ്രസക്തിയുമില്ല. നാളെയെന്നത് ഇല്ലെന്ന മട്ടിൽ ഇന്നുതന്നെ ഉണർന്നു പ്രവർത്തിക്കാത്ത അവൻ ജയിക്കാൻ പോകുന്നില്ല.

# കേരളം മാറുന്നു വികസനപാതയിൽ

(1-ാം പേജ് തുടർച്ച)

ഈയൊരു സന്ദിഗ്ദ്ധാവസ്ഥയിലാണ് ആവശ്യത്തിനു മുതൽമുടക്കാനുള്ള സൗകര്യങ്ങളും അഭ്യസ്തവിദ്യരായ തൊഴിൽസേനയും മറ്റ് അടിസ്ഥാനപശ്ചാത്തലസൗകര്യങ്ങളും ഉണ്ടായിട്ടും വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ കാര്യത്തിൽ കേരളം വളരെയധികം പിന്നോട്ടു പോയിരിക്കുന്നത്.

### ചെറുകിട വ്യവസായ സംരംഭകത്വത്തിന്റെ സാധ്യതകൾ

ഇന്ന് ലോകമെമ്പാടുംതന്നെ നടക്കുന്ന മൊത്തം ബിസിനസിന്റെ 90 ശതമാനവും ചെറുകിടവ്യവസായ യൂണിറ്റു(എം.എസ്.എം.ഇ)കൾ വഴിയാണ്. തൊഴിൽസൃഷ്ടിയിൽ എം.എസ്.എം.ഇകൾക്ക് വമ്പിച്ച പങ്കാണുള്ളത്. കേരളത്തെപ്പോലെ ഏറ്റവും മികച്ച അടിസ്ഥാനസൗകര്യങ്ങളും ഉയർന്ന നിലവാരം പുലർത്തുന്ന മാനവശേഷിയുമുള്ള സംസ്ഥാനത്ത് വലിയ സാധ്യതകളാണ് ഈ മേഖലയ്ക്കുള്ളത്.





### മാറുന്ന കേരളം

ഈ കാഴ്ചപ്പാടോടെയാണ് ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം എം.എസ്.എം.ഇകൾ രൂപീകരിക്കാനുള്ള ലക്ഷ്യം കേരളത്തിലെ വ്യവസായവകുപ്പ് പ്രഖ്യാപിച്ചത്. കഴിഞ്ഞ വർഷത്തെ ഇക്കണോമിക് റിവ്യൂ പ്രകാരം 2020 - 2021ൽ 11, 540 സംരംഭങ്ങളും 2019 - 2020ൽ 13, 695 സംരംഭങ്ങളുമാണ് കേരളത്തിൽ പുതുതായി രൂപീകരിക്കപ്പെട്ടത്. എന്നാൽ, 2022 - 2023 ൽ ഇതുവരെയുള്ള കണക്കുപ്രകാരം 1,22,637 സംരംഭങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടത് തീർച്ചയായും വലിയ നേട്ടംതന്നെയാണ്.

പദ്ധതി ആരംഭിച്ച് 245 ദിവസങ്ങൾകൊണ്ടാണ് ഒരുലക്ഷം സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് ചരിത്രനേട്ടം കൈവരിച്ചത്. ഒടുവിലത്തെ കണക്കുപ്രകാരം 7498.22 കോടി രൂപയുടെ നിക്ഷേപം ഈ സംരംഭങ്ങളുടെ ഭാഗമായി കേരളത്തിൽ നിന്നുതന്നെ സമാഹരിക്കപ്പെട്ടു. 2,64,463 തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് എന്ന ദേശീയ അംഗീകാരമാണ് കേരളത്തിന്റെ ഈ സ്വപ്നപദ്ധതിയെ തേടിയെത്തിയത്. ഇത് തീർച്ചയായും വലിയ നേട്ടംതന്നെയാണ്.

നിലവിൽവന്ന സംരംഭങ്ങളിൽ ഭാവിവികസനസാധ്യതയുള്ള ആയിരം സംരംഭങ്ങളെങ്കിലും തിരഞ്ഞെടുത്ത് നൂറു കോടി വാർഷികവിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്തുകയെന്നതാണ് അടുത്ത പടി. കേരളത്തിൽ നിർമിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ, അന്തർദേശീയവിപണികൾ പ്രാപ്യമാക്കുന്നതിനും സഹായിക്കുന്നതിനായി പ്രത്യേക കേരളബ്രാൻഡും തയ്യാറാക്കപ്പെടുകയാണ്. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യാനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സുമായി (ONDC) ചേർന്ന് ഓപ്പൺ നെറ്റ്വർക്ക് പ്ലാറ്റ്ഫോം നിർമിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. 50 കോടിയിലധികം മൂലധനനിക്ഷേപമുള്ള വ്യവസായങ്ങൾക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ ഏഴു ദിവസത്തിനകം കോംപോസിറ്റ് ലൈസൻസ് നൽകാനുള്ള നിയമം പാസാക്കിയതിനുശേഷം കേരളത്തിനു ലഭിച്ച നിക്ഷേപവാഗ്ദാനം 7000 കോടി രൂപയിലധികമാണ്. ഇത് മാറ്റത്തിന്റെ വലിയ സൂചനയാണ്.

കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് വിദേശരാജ്യങ്ങളിൽ പോയി തൊഴിലന്വേഷകർ ആകുന്നതിനു പകരം കേരളത്തിൽത്തന്നെ തൊഴിൽദാതാക്കളായി മാറുന്നതിനുള്ള ഒരു വലിയ സാഹചര്യമാണ് ഇപ്പോൾ കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ ശാപമായ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുകയും അതുവഴി സാമ്പത്തികാഭിവൃദ്ധിക്കും ഒരു പുതിയ വികസനക്കാഴ്ചപ്പാട് രൂപപ്പെടുന്നതിനും ഇത്തരം ശ്രമങ്ങൾ വിജയിക്കുകയും ചെയ്യുമെന്ന് നമുക്ക് ഉറച്ചു പ്രതീക്ഷിക്കാം.

■

നോവൽ 15 ഇഗ്നേഷ്യസ് കലയന്താനി



# മഴനിലാവ്

*കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തവളാണ് ഇന്ദുലേഖ. അവൾക്കു ദൂരെ സ്കൂളിൽ റ്റീച്ചറായി ജോലികിട്ടി. ജോയിൻ ചെയ്യാൻ പോകവേ, ട്രെയിനിൽ സ്കൂൾമാനേജർ ആനന്ദന്റെ മകനെ അവൾ പരിചയപ്പെട്ടു. പിന്നീടവർ നല്ല സുഹൃത്തുക്കളായി. അവർ തമ്മിൽ പ്രണയത്തിലാണെന്ന് സഹപ്രവർത്തകയായ സ്നേഹലത മാനേജരെ തെറ്റിദ്ധരിപ്പിച്ചു. കോപാകുലനായ മാനേജർ അവളെ പിരിച്ചുവിട്ടു. അത് വീട്ടിലറിയിക്കാതെ ഇന്ദു ഒരു വീട്ടിൽ വീട്ടുജോലിക്കു നിന്നു. ഇന്ദുവന്റെ പെരുമാറ്റത്തിൽ പന്തികേട് തോന്നിയ വീട്ടുകാർ വിവരം പോലീസിലറിയിച്ചു. എസ്.ഐ. ഇന്ദുവിനെപ്പറ്റി സ്കൂൾ മാനേജരോടു തിരക്കിയപ്പോൾ അവൾ ദുർന്നടപ്പുകാരിയാണെന്ന മറുപടിയാണ് കിട്ടിയത്. വീട്ടിൽനിന്ന് അനിയത്തിയെ വിളിച്ചുവരുത്തി എസ്.ഐ. കാര്യങ്ങൾ പറഞ്ഞിട്ട് ഇന്ദുവിനെ അവളോടൊപ്പം വീട്ടിലേക്കു വിട്ടു. പക്ഷാഘാതം വന്നു തളർന്നു കിടക്കുകയായിരുന്ന ഇന്ദുവിന്റെ അച്ഛൻ നാരായണൻനമ്പൂതിരിക്ക് മകൾ ദുർന്നടപ്പുകാരിയാണെന്ന വാർത്ത വലിയ ഷോക്കായി.*

*(തുടർന്നു വായിക്കുക)*

**നാ**രായണൻ നമ്പൂതിരിയുടെ മിഴികളിൽനിന്ന് അശ്രുകണങ്ങൾ ഒഴുകിയിറങ്ങുന്നത് വാസുദേവൻ ശ്രദ്ധിച്ചു. പറഞ്ഞത് അബദ്ധമായോ എന്ന് അയാൾക്കു തോന്നി.

"സീതേ..." നമ്പൂതിരി നീട്ടി വിളിച്ചു.

പിന്നാമ്പുറത്തായിരുന്ന സീതാലക്ഷ്മി വിളികേട്ട് ഓടിയെത്തി.

"എന്താ അച്ഛാ?"

"ഇന്ദുമോളുടെ ജോലി പോയോ?"

എന്തു പറയണമെന്നറിയാതെ സീതാലക്ഷ്മി വാസുദേവനെ നോക്കി. താൻ എല്ലാം പറഞ്ഞു മോളേ എന്ന ഭാവത്തിലായിരുന്നു വാസുദേവന്റെ ഇരിപ്പ്.

"ചോദിച്ചതു കേട്ടില്ലേ?"

"പോയി അച്ഛാ."

"എന്താ ഉണ്ടായെ?"

സീത എല്ലാം വിശദീകരിച്ചു. സ്കൂളിൽനിന്നു പിരിച്ചുവിട്ടതും തിരുവല്ലയിൽ വീട്ടുജോലി ചെയ്തതും ഒടുവിൽ പോലീസ്സ്റ്റേഷനിൽനിന്നു കൂട്ടിക്കൊണ്ടുപോന്നതുമെല്ലാം.

"ഇന്ദുമോളെ വിളിച്ചേ."

പതിഞ്ഞ സ്വരത്തിൽ നാരായണൻ നമ്പൂതിരി പറഞ്ഞു. സീത അടുത്തമുറിയിലേക്കു പോയപ്പോൾ നാരായണൻനമ്പൂതിരി വാസുദേവനെ നോക്കി പറഞ്ഞു:

"വാസു പൊയ്ക്കോ. പിന്നെ കാണാം."

വാസുദേവ് എണീറ്റു പുറത്തേക്കിറങ്ങി.

കട്ടിലിൽ കണ്ണീരൊഴുക്കി തളർന്നുകിടക്കുകയായിരുന്നു ഇന്ദുലേഖ. സീത ചെന്നു വിളിച്ചെങ്കിലും എണീൽക്കാൻ കൂട്ടാക്കിയില്ല. അച്ഛനും സീതയും തമ്മിലുള്ള സംസാരം അവൾ കേട്ടിരുന്നു. അച്ഛനെ അഭിമുഖീകരിക്കാനുള്ള കരുത്തില്ലായിരുന്നു അവൾക്ക്.

"ഇന്ദുമോളേ."

അച്ഛന്റെ വിളി കാതിൽ മുഴങ്ങിയപ്പോൾ എണീൽക്കാതിരിക്കാൻ കഴിഞ്ഞില്ല. സാവധാനം എണീറ്റ് അച്ഛന്റെ മുറിയിലേക്കു ചെന്നു. കസേരയിൽ ഇരിക്കാൻ നമ്പൂതിരി ആംഗ്യം കാട്ടിയതും ഇന്ദു മെല്ലെ ഇരുന്നു. മകളുടെ കരംപിടിച്ചുകൊണ്ടു നമ്പൂതിരി ചോദിച്ചു:

"ജോലീന്നു പിരിച്ചുവിട്ടൂന്ന് കേട്ടത് നേരാണോ മോളേ?"

"അതെ അച്ഛാ. എന്റെ കുറ്റം കൊണ്ടല്ല പിരിച്ചുവിട്ടത്. സംഭവിച്ചതെന്താന്നു ഞാൻ പറയാം."

ഇന്ദുലേഖ കഥ മുഴുവൻ അച്ഛന്റെ മുമ്പിൽ വിളമ്പി.

"ഒരു തെറ്റേ ഞാൻ ചെയ്തുള്ളൂ അച്ഛാ. അച്ഛന്റെ മനസ്സു വിഷമിക്കാതിരിക്കാൻ എല്ലാം ഞാൻ അച്ഛനോട് ഒളിച്ചുവച്ചു." ഇന്ദു കരഞ്ഞുപോയി.

"സാരമില്ല മോളേ. പ്രായം ഒരുപാടൊന്നും ആയില്ലല്ലോ. ജോലി ഇനീം കിട്ടും. കൊടുത്ത അഞ്ചു ലക്ഷം വേഗം തിരിച്ചുവാങ്ങിച്ചോണ്ടു പോരെ. കടം മേടിച്ചതെല്ലാം തിരിച്ചുകൊടുത്തേക്കാം."

"അതു കിട്ടില്ലച്ഛാ. ഞാൻ ചോദിച്ചതാ. തരില്ല അയാള്. കൊടുത്തതിനു രേഖയൊന്നുമില്ലല്ലോ. പോയി കേസുകൊടുത്തോളാനാ പറഞ്ഞത്."

"തരില്ലെന്നോ? എന്താ മോളെ കേക്കണേ? കടം മേടിച്ച കാശല്ലേ? തന്നില്ലെങ്കിൽ അതെങ്ങനെ തിരിച്ചുകൊടുക്കും?"

"എനിക്കറിയില്ലച്ഛാ. അയാളു ചതിയനാ. വൃത്തികെട്ടവനാ. ഞാൻ അയാൾക്കു വഴങ്ങാത്തതിന്റെ പക തീർത്തതാ എന്നോട്. തരില്ല അയാളിനി."

നമ്പൂതിരി പിന്നെയൊന്നും മിണ്ടിയില്ല. ഒരു ജീവച്ഛവംപോലെ കിടന്നു. പൊയ്ക്കോ എന്ന് കൈകൊണ്ട് ആംഗ്യം കാണിച്ചു. ഇന്ദു എണീറ്റു മുറിയിലേക്കു പോയി, വീണ്ടു കട്ടിലിൽ തളർന്നു കിടന്നു.

ഉച്ചയായപ്പോൾ സീത അച്ഛന് കഞ്ഞിയുമായെത്തി. കണ്ണടച്ചു കിടക്കുകയായിരുന്നു നാരായണൻ നമ്പൂതിരി. പതിവില്ലാതെ ഈ സമയത്ത് എന്തേ ഒരുറക്കം എന്ന് സീത സംശയിച്ചു. അടുത്ത് കസേരയിൽ ഇരുന്നിട്ട് മെല്ലെ വിളിച്ചു:

"അച്ഛാ എണീക്ക്. കഞ്ഞി കുടിക്കാം."

പ്രതികരണമുണ്ടായില്ല. സീത അച്ഛന്റെ കൈയിൽ പിടിച്ചുനോക്കി. തണുത്തിരിക്കുന്നു. അവളുടെ നെഞ്ചിടിപ്പുകൂടി.

"അച്ഛാ..." കുലുക്കിവിളിച്ചു. അനക്കമില്ല. ആ ശരീരത്തിൽനിന്ന് ആത്മാവ് പറന്നുപോയി എന്നു തിരിച്ചറിഞ്ഞതും സീത ഉറക്കെക്കരഞ്ഞു. കരച്ചിൽകേട്ട് ദേവകിയമ്മയും ഇന്ദുലേഖയും ഓടി മുറിയിലേക്കു വന്നു. എല്ലാ വേദനകളും ഈ മണ്ണിൽ ഉപേക്ഷിച്ച് മരണത്തിന്റെ ചിറകിലേറി അച്ഛൻ സ്വർഗലോകത്തേക്കു പോയി എന്നറിഞ്ഞതും ദേവകിയും ഇന്ദുവും വാവിട്ടു കരഞ്ഞു.

* * *

വടക്കേപ്പാട്ട് ഇല്ലത്തെ നാരായണൻനമ്പൂതിരി മരിച്ചു എന്ന വാർത്ത നാടെങ്ങും പരന്നു. മൃതദേഹം കാണാനും അന്ത്യാഞ്ജലി അർപ്പിക്കാനും ആളുകൾ വന്നുകൊണ്ടിരുന്നു.

ഇന്ദുലേഖയുടെ ജോലി പോയതിലും ദുർന്നടപ്പിലും ഉണ്ടായ മനോവേദന സഹിക്കവയ്യാതെ ഹൃദയംപൊട്ടിയാണ് നമ്പൂതിരി മരിച്ചതെന്ന വാർത്ത ചുറ്റുവട്ടത്തെങ്ങും പരന്നു.

നമ്പൂതിരിക്കു ബന്ധുക്കളെന്നു പറയാൻ ഒരുപാട് ആളുകൾ ഉണ്ടായിരുന്നില്ല. അയൽക്കാരും നാട്ടുകാരുമായിരുന്നു സംസ്കാരത്തിനുള്ള ഒരുക്കങ്ങൾ നടത്തിയത്. വൈകിട്ട് ആറുമണിയോടെ മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു. വന്ന ബന്ധുക്കളൊക്കെ രാത്രിതന്നെ മടങ്ങി.

പൊട്ടിപ്പൊളിഞ്ഞ സിമന്റുതറയിൽ തളർന്നുകിടന്നു കരയുകയാണ് മക്കളെല്ലാവരും. ദേവകി ഓരോന്നു പറഞ്ഞ് ഇന്ദുവിനെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. അനിയത്തിമാരും അമ്മയുടെ പക്ഷത്തായിരുന്നു.

"ഇത്തിരി വിഷം വാങ്ങി നമുക്കെല്ലാവർക്കുംകൂടി ചാകാം അമ്മേ. ചേച്ചി മാത്രം ഇവിടെ സന്തോഷത്തോടെ ജീവിച്ചോട്ടെ." നന്ദിനി അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു.

ശാപവാക്കുകൾ സഹിക്കവയ്യാതായപ്പോൾ ഇന്ദു എണീറ്റു തെക്കുവശത്തെ ചായ്പ്പിൽ പോയി ഇരുന്നു. മനസ്സിന്റെ വേദന കണ്ണീരിലൂടെ പുറത്തേക്ക് ഒഴുകിക്കൊണ്ടിരുന്നു.

അന്നു രാത്രി ആരും ആ വീട്ടിൽ ഉറങ്ങിയില്ല. നേരം പുലർന്നപ്പോൾ മനസ്സും ശരീരവും അങ്ങേയറ്റം തളർന്നിരുന്നു. അയൽവീട്ടുകാർ ഭക്ഷണം കൊണ്ടുവന്നു കൊടുത്തു.

നാട്ടുകാരുടെയും വീട്ടുകാരുടെയും മുമ്പിൽ നമ്പൂതിരിയുടെ മരണത്തിന് ഉത്തരവാദി ഇന്ദുലേഖ മാത്രമായിരുന്നു. നാലുവശത്തുനിന്നും കുറ്റപ്പെടുത്തലുകൾ.

സ്വഭാവദൂഷ്യം കാരണമാണ് ഇന്ദുവിനെ പിരിച്ചുവിട്ടതെന്നും തിരുവല്ലയിലെ ഹോട്ടൽമുറിയിൽനിന്ന് അവളെ പോലീസ് റെയ്ഡ് ചെയ്തു പിടിച്ചെന്നുമൊക്കെയായിരുന്നു നാട്ടിൽ പരന്നത്.

അമ്പലത്തിൽ പോകുമ്പോഴും വരുമ്പോഴും വഴിവക്കിലിരുന്ന് ആളുകൾ തന്നെനോക്കി അടക്കം പറയുന്നതും കുറ്റപ്പെടുത്തുന്നതും ഇന്ദുവിനെ വല്ലാതെ വേദനിപ്പിച്ചു.

അയൽക്കാരുടെ ഓരോരോ ചോദ്യങ്ങൾക്കു മറുപടി പറയാനാവാതെ ദേവകിയമ്മയും വിഷമിച്ചു. ഒരിക്കൽ അവർ ഇന്ദുവിനെ നോക്കി പൊട്ടിത്തെറിച്ചു.

"നാട്ടുകാരെക്കൊണ്ട് ഓരോന്നു പറയിപ്പിക്കാൻ എന്തിനാ നീ ഈ വീട്ടിൽ കഴിയണേ? എങ്ങോട്ടെങ്കിലും ഇറങ്ങിപ്പോകരുതോ?"

"ഓരോന്നു ചെയ്തു കൂട്ടീപ്പം ഞങ്ങടെ ഭാവിയെക്കുറിച്ചെങ്കിലും ചേച്ചി ഒന്നോർക്കരുതായിരുന്നോ?" നന്ദിനിയാണതു പറഞ്ഞത്.

"തെറ്റായ വഴിയിലൂടെ ഞാനൊരിക്കലും സഞ്ചരിച്ചിട്ടില്ല മോളേ." ഇന്ദുവിന്റെ മിഴികൾ പൊട്ടിയൊഴുകി.

"പിന്നെന്തിനാ പോലീസ് പിടിച്ച് ഇങ്ങോട്ടു വിട്ടത്?"

"നടന്നതെന്താന്നു ഞാൻ പലവട്ടം പറഞ്ഞതല്ലേ?"

"അതൊക്കെ ഞങ്ങളു വിശ്വസിക്കാമെന്നു വയ്ക്കാം. പക്ഷേ, നാട്ടുകാരെക്കൊണ്ടു വിശ്വസിപ്പിക്കാൻ പറ്റോ?" സീതാലക്ഷ്മിയാണതു ചോദിച്ചത്.

ഇന്ദു പിന്നൊന്നും മിണ്ടിയില്ല. അനിയത്തിമാരുടെ കുറ്റപ്പെടുത്തലുകൾ തുടർന്നപ്പോൾ അവൾക്കു തോന്നി താൻ ഈ വീട്ടിൽ ഒരധികപ്പറ്റാണെന്ന്. ഒരു ജോലി കിട്ടിയിരുന്നെങ്കിൽ ഈ വീട്ടിൽനിന്നു മാറിത്താമസിക്കാമായിരുന്നു. ആരോടു ചോദിക്കും ഒരു ജോലി?

ഏറെ ആലോചിച്ചപ്പോൾ അശ്വതിറ്റീച്ചറിന്റെ മുഖം മനസ്സിലേക്കു വന്നു. റ്റീച്ചർക്ക് തന്നോട് അനുകമ്പയുണ്ടല്ലോ. റ്റീച്ചറിന്റെ ഭർത്താവ് ശ്രമിച്ചാൽ എന്തെങ്കിലുമൊരു ജോലി തരപ്പെടുത്താൻ പറ്റില്ലേ?

അന്നു രാത്രിയിൽ അവൾ അശ്വതിക്കു ഫോൺ ചെയ്തു. കഥകളൊക്കെ കേട്ടപ്പോൾ അശ്വതിക്കു സങ്കടവും സഹതാപവും തോന്നി.

"ഇന്ദു ഒരു കാര്യം ചെയ്യ്. ഇങ്ങോട്ടു വാ. കുറച്ചു ദിവസം എന്റെ വീട്ടിൽ നിൽക്കാം. അതിനിടയിൽ എന്തെങ്കിലുമൊരു ജോലി സംഘടിപ്പിക്കാം. ഞാൻ ഹസ്ബന്റിനോടു പറയാം."

"റ്റീച്ചറിനതു ബുദ്ധിമുട്ടാവില്ലേ?"

"എന്തു ബുദ്ധിമുട്ട്? ഞാനും ഒരു സ്ത്രീയല്ലേ. ഒന്നും വിചാരിക്കണ്ട. ഇങ്ങു പോരെ."

അശ്വതിയുടെ നിർബന്ധത്തിന് അവൾ സമ്മതം മൂളി.

പിറ്റേന്ന് ബാഗിൽ വസ്ത്രങ്ങൾ നിറയ്ക്കുന്നതു കണ്ടപ്പോൾ ദേവകി ചോദിച്ചു:

"നീ എങ്ങോട്ടാ?"

"ഇവിടെല്ലാവർക്കും ഞാനൊരു ശല്യമല്ലേ. പൊയ്ക്കോളാം."

"ചാകാനാണോ?"

അവൻ അതിനു മറുപടി പറഞ്ഞില്ല.

"ഹോട്ടൽ മുറിയിലേക്കായിരിക്കും അമ്മേ. കാശുണ്ടാക്കാൻ." നന്ദിനിയാണതു പറഞ്ഞത്.

പടിയിറങ്ങുമ്പോഴും എങ്ങോട്ടാണെന്നു ദേവകി പലവട്ടം ചോദിച്ചു. ഒടുവിൽ സഹികെട്ട് അവൾ പറഞ്ഞു:

"ഞാനെന്റെ ഒരു കൂട്ടുകാരിയുടെ വീട്ടിൽ കുറച്ചുദിവസം താമസിക്കാൻ പോകാ."


"അച്ഛനെ കൊന്നിട്ട് പോയി സുഖായിട്ട് ജീവിച്ചോ. ഞങ്ങളു വല്ല വിഷോം കഴിച്ചു ചത്തോളാം."

"ഒരു ജോലി കിട്ടിയാൽ ഈ കുടുംബം ഞാൻ സംരക്ഷിക്കും അമ്മേ. ഞാൻ ആരെയും ഉപേക്ഷിക്കില്ല; നിങ്ങൾ എന്നെ ഉപേക്ഷിച്ചാലും."

"വടക്കേപ്പാട്ട് ഇല്ലത്തിന് ഇനീം പേരുദോഷം ഉണ്ടാക്കുന്ന വല്ല ജോലീം ആണോ നോക്കുന്നത്?"

അതിനു മറുപടി പറയാതെ അവൾ പടിയിറങ്ങിനടന്നു.

*(തുടരും)*



# ജോഡോയാത്രയിൽ ജോറായി രാഹുൽ

(1-ാം പേജ് തുടർച്ച)

ബഹുസ്വരത, സാഹോദര്യം, പരസ്പരസ്നേഹം എന്നിവയുടെ ശക്തിയും മാഹാത്മ്യവും ബോധ്യപ്പെടുത്തുന്നതിൽ രാഹുലിന്റെ നടത്തത്തിനു വലിയ പ്രാധാന്യമുണ്ട്. രാജ്യത്തു വർധിച്ചുവരുന്ന വിദ്വേഷം, അസമത്വങ്ങൾ, ഭിന്നതകൾ എന്നിവയെ മറികടക്കാനും ജനങ്ങളെ ഒന്നിപ്പിക്കാനുമുള്ള ശ്രമങ്ങൾ അഭിനന്ദനീയമാണ്. മതത്തിന്റെ പേരിൽ ജനതയെ ഭിന്നിപ്പിച്ച്, ഭൂരിപക്ഷവർഗീയത വളർത്തി രാജ്യഭരണം പിടിയിലാക്കിയവർക്കു സ്വാഭാവികമായും രാഹുലിന്റെ പുതിയ സമീപനം അസ്വസ്ഥതയുളവാക്കി.



**സമ്പന്നസമൂഹത്തിന്റെ വളർച്ച**

അമിതദേശീയതയുടെ ആഖ്യാനത്തിലൂടെയും ഹിന്ദുത്വവോട്ടുകളുടെ ഏകീകരണത്തിലൂടെയും ബിജെപി ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ കഴിയാത്ത അവസ്ഥയിലായിരുന്നു ജോഡോയാത്രയുടെ തുടക്കം. ഭരണാധികാരം ഉപയോഗിച്ചും കേന്ദ്രഏജൻസികളുടെയും ചങ്ങാത്തവ്യവസായികളുടെയും കൂട്ടുപിടിച്ചും കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷത്തെ ദുർബലപ്പെടുത്തുന്നതിൽ ബിജെപി സമർഥമായി മുന്നേറുന്ന കാലം.

2014 നു പിന്നാലെ 2019 ലും വൻഭൂരിപക്ഷത്തോടെ നരേന്ദ്രമോദി സർക്കാർ രാജ്യഭരണം പിടിച്ചതോടെ ഹിന്ദുരാഷ്ട്രമെന്ന ആർഎസ്എസ് അജൻഡയിലേക്ക് അടുപ്പിക്കുന്ന പലതിനും രാജ്യം സാക്ഷ്യംവഹിച്ചു. പൗരത്വ ഭേദഗതിനിയമം, ജമ്മുകാഷ്മീരിനു പ്രത്യേകപദവി നൽകിയ അനുച്ഛേദം 370 റദ്ദാക്കൽ, അയോധ്യാതർക്കത്തിലെ ഹിന്ദുവ്യവഹാരക്കാർക്ക് അനുകൂലമായ സുപ്രീംകോടതിവിധി, രാമക്ഷേത്രനിർമാണംതുടങ്ങി പലതും ഹിന്ദുത്വവാദികളുടെ മനംകുളിർപ്പിച്ചു.

ജനാധിപത്യപരമായ നടപടികൾ പാർലമെന്റിൽപ്പോലും ഇല്ലാതാവുകയോ അപ്രസക്തമാവുകയോ ചെയ്തു. പ്രധാന മാധ്യമങ്ങളെ പലവിധത്തിൽ നിയന്ത്രണത്തിലാക്കി. വിദ്യാഭ്യാസമേഖലയിലും ചരിത്രസൃഷ്ടിയിലുമെല്ലാം കൈകടത്തൽ വ്യാപകമായി. ജുഡീഷ്യറിയെക്കൂടി വരുതിയിലാക്കാനുള്ള ശ്രമങ്ങൾക്കു തിടുക്കംകൂടിയതാണ് കേന്ദ്രസർക്കാരും സുപ്രീംകോടതിയിലെ മുതിർന്ന ജഡ്ജിമാരുടെ കൊളീജിയവും തമ്മിലുള്ള ഏറ്റുമുട്ടലിലേക്കു വഴിതെളിച്ചത്. മോദിയെ കുറ്റപ്പെടുത്തുന്ന ബിബിസി പരമ്പരയുടെ ലിങ്കുകളും ട്വീറ്റുകളുംപോലും ഇന്ത്യയിൽ വിലക്കിയത് അഭിപ്രായസ്വാതന്ത്ര്യത്തിനും ഭീഷണിയായി.

ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ, കർഷകർ, തൊഴിലാളികൾ തുടങ്ങി സാധാരണക്കാർവരെയുള്ളവർ പലതരത്തിലുള്ള ആശങ്കകളിലും ഭീഷണികളിലുമായി. വിലക്കയറ്റവും തൊഴിലില്ലായ്മയും സാമ്പത്തികമുരടിപ്പും കോടിക്കണക്കിനു ജനങ്ങളുടെ ജീവിതത്തെ ബാധിച്ചു. രണ്ടു വർഷത്തെ കൊവിഡ് ദുരിതങ്ങളും അശാസ്ത്രീയ ലോക്ഡൗണുകളും കാർഷിക, നിർമാണ, തൊഴിൽ, വ്യവസായ, കയറ്റുമതി മേഖലകളെ പിന്നോട്ടടിച്ചു. സ്വകാര്യവാക്സിൻ കമ്പനിയടക്കം രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർമാത്രം കൂടുതൽ സമ്പന്നരായി.

**പ്രതിച്ഛായ പതിന്മടങ്ങേറി**

സാമ്പത്തിക അസമത്വം, സാമൂഹിക ധ്രുവീകരണം, സ്വേച്ഛാധിപത്യരാഷ്ട്രീയം എന്നിവ രാജ്യത്തിനാകെ വെല്ലുവിളിയായി. ഭരണഘടനാവ്യവസ്ഥകൾപോലും മറികടക്കാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമങ്ങൾ തുടരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിലാണ് രാഹുൽഗാന്ധിയുടെ മാസങ്ങൾ നീണ്ട കാൽനടയാത്ര. നടത്തത്തിനിടയിലെ ആശയവിനിമയങ്ങൾ, പ്രത്യേക യോഗങ്ങൾ, പത്രസമ്മേളനങ്ങൾ, പ്രസംഗങ്ങൾ, റാലികൾ തുടങ്ങിയവയിലൂടെ ഓരോ ദിവസവും ഈ വിഷയങ്ങൾ രാഹുൽ ഉയർത്തി.

ദേശീയൈക്യം, ബഹുസ്വരത, സാമൂഹികയോജിപ്പ്, പരസ്പരബഹുമാനം എന്നിവമുതൽ ഭരണഘടനാമൂല്യങ്ങളും ബഹുജനക്ഷേമവും അടക്കമുള്ള കാര്യങ്ങളിൽ വ്യത്യസ്തമായ ആഖ്യാനവും ചർച്ചയും ഉയർത്തുന്നതിൽ രാഹുൽ വിജയിച്ചു. ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ തുടങ്ങിയവരുടെ ഭരണഘടനാപരമായ അവകാശങ്ങളും പൗരാവകാശങ്ങളും ഭരണഘടനയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന്റെ അനിവാര്യതയും ചർച്ച ചെയ്യപ്പെട്ടു. ആർഎസ്എസും ബിജെപിയും ഉയർത്തിയ പ്രത്യയശാസ്ത്ര മേധാവിത്വത്തിനെതിരായ വെല്ലുവിളികൂടിയായിരുന്നു ജോഡോയാത്ര.

വിമർശനങ്ങളിൽ പതറാതെ ദീർഘവീക്ഷണവും ശരിയായ ദിശാബോധവും പ്രകടമാക്കാൻ രാഹുലിനു കഴിഞ്ഞു. ജനങ്ങളോടും രാജ്യത്തോടും പ്രതിബദ്ധതയുള്ള നേതാവെന്ന പ്രതിച്ഛായ ജനങ്ങളെ ബോധ്യപ്പെടുത്താനുമായി. രാഹുൽ ഗാന്ധിയുടെ വ്യക്തിപരമായ പ്രതിച്ഛായയും പലമടങ്ങ് ഉയർന്നു. പ്രത്യേക രാഷ്ട്രീയലക്ഷ്യങ്ങളില്ലെന്നു പ്രഖ്യാപിച്ചു നടത്തിയ ലോങ് മാർച്ചിന്റെ പ്രധാന നേട്ടവും ഇതുതന്നെയാകും.

**വോട്ടാകുന്നതു കണ്ടറിയണം**

ഭാരത് ജോഡോ യാത്ര രാഹുൽ ഗാന്ധിക്കും രാജ്യത്തിനും നേട്ടമായെങ്കിലും കോൺഗ്രസ് പാർട്ടിക്ക് ഇതു വോട്ടാക്കിമാറ്റാൻ കഴിയുമോ എന്നതാണു പ്രധാന ചോദ്യം. എന്നാൽ, ഭാരത് ജോഡോ യാത്ര 30 ന് ശ്രീനഗറിൽ സമാപിക്കുന്നതിനുമുമ്പേ പുതിയ ഹാത് സേ ഹാത് ജോഡോ (കൈകോർത്ത് ഒന്നിക്കൂ) എന്ന രാഷ്ട്രീയപ്രചാരണവുമായി കോൺഗ്രസ് രംഗത്തെത്തിയതു ശ്രദ്ധേയമാണ്. റിപ്പബ്ലിക് ദിനത്തിൽ എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി വദ്ര ഡൽഹിയിൽ തുടക്കംകുറിക്കുന്ന പുതിയ പ്രചാരണം കോൺഗ്രസിന് ഉണർവേകും.

കേന്ദ്രത്തിലെ ബിജെപി സർക്കാരിനെതിരായ എട്ടു പേജുള്ള കുറ്റപത്രവും രാഹുൽഗാന്ധിയുടെ കത്തും വീടുതോറും രാജ്യത്തൊട്ടാകെ വിതരണം ചെയ്യുകയാണ് ഹാത് സേ ഹാത് ജോഡോയിലൂടെ ചെയ്യുകയെന്നാണ് എഐസിസി ജനറൽ സെക്രട്ടറിമാരായ കെ.സി. വേണുഗോപാലും ജയറാം രമേശും അറിയിച്ചത്. ഭാരത് ജോഡോ യാത്ര പ്രത്യയശാസ്ത്രപ്രസ്ഥാനമായിരുന്നെങ്കിൽ ഹാത് സേ ഹാത് ജോഡോ പൂർണമായി രാഷ്ട്രീയപ്രചാരണമാകും. ഗ്രാമ, ബ്ലോക്ക് തലങ്ങളിലാണ് വീടുകയറിയുള്ള ആദ്യഘട്ടം. രണ്ടാം ഘട്ടത്തിൽ ജില്ലാതലത്തിലും മൂന്നാം ഘട്ടത്തിൽ സംസ്ഥാനതലത്തിലുമാകും ഹാത് സേ ഹാത് ജോഡോ പ്രചാരണം.

■

---




മാത്യൂസ് ആർപ്പൂക്കര





**ലോ**കത്തിന്റെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും കാണപ്പെടുന്ന കുഞ്ഞിക്കിളികളാണ് വാനമ്പാടികൾ. മധുരമനോഹരമായ ഗാനങ്ങളുടെ പേരിലാണ് വാനമ്പാടികൾ ലോകമെങ്ങും പ്രശസ്തരായത്. ഈ ചെറുപക്ഷികളിൽ ചിലർ അഭ്യാസവീരന്മാരുമാണ്. അഴകും സ്വരമാധുരിയും ഒന്നിച്ചു വേണ്ട എന്നു പ്രകൃതി കരുതിയിട്ടെന്നവണ്ണമാണ് ഇവയുടെ പ്രകൃതം. ചാരവും കറുപ്പും വെളുപ്പും ഇടകലർന്ന അനാകർഷകനിറമാണ് വാനമ്പാടികൾക്കുള്ളത്. ചില ഇനങ്ങൾക്കു തലയിൽ തൊപ്പിപോലെയുള്ളതായി കാണാം. ഇവ കൊമ്പൻപാടികൾ എന്നറിയപ്പെടുന്നു. കരിവയറൻ വാനമ്പാടിയുടെ വയറിലും മുഖത്തും മഷിക്കറുപ്പാണ്. ചെമ്പൻപാടി, കൂട്ടപ്പാടി എന്നിവ മറ്റു രണ്ടിനങ്ങൾ.

വ്യത്യസ്തമായ കാലാവസ്ഥയിൽ കഴിഞ്ഞുകൂടാൻ വാനമ്പാടികൾക്കു പ്രത്യേക കഴിവുണ്ട്. യൂറോപ്പിലെ കൊടുംചൂടിലും വാനമ്പാടികൾ യഥേഷ്ടം കഴിയുന്നു. ചൂടിനെ പ്രതിരോധിക്കാനുള്ള തന്ത്രങ്ങൾ ചിലയിനം വാനമ്പാടികൾക്കുണ്ട്. കൂടിന്റെ ചുവരിൽ ഇതിനായി അവറ്റ ചില സൂത്രങ്ങൾ പ്രയോഗിക്കാറുണ്ട്. മനുഷ്യൻ പ്രകൃതിക്കും ചുറ്റുപാടിനും വരുത്തിയ വൻമാറ്റങ്ങളോട് ഏറ്റവും അനുകൂലമായി പ്രതികരിച്ച പക്ഷിവർഗമാണിത്. ഒരു വീടായാൽ ഒരു കിളി വേണമെന്നും ഒരു കിളിയായാൽ അതു വാനമ്പാടിയാകണമെന്നും ആഗ്രഹിക്കുന്ന ചൈനക്കാരുടെ നാട്ടിലും ഇവ സ്വീകാര്യമാകുന്നത് ഇമ്മാതിരി പൊരുത്തപ്പെടൽകൊണ്ടുതന്നെ.

വാനമ്പാടിയുടെ നിറം ആവാസമേഖലയ്ക്കിണങ്ങിയവയായിരിക്കും. എന്തും ഭക്ഷിക്കുന്ന കൂട്ടരാണീ പക്ഷികൾ. ഇലയും ഈച്ചയും പഴങ്ങളും പൊടിമീനുമൊക്കെ ഇവ ഭക്ഷിക്കുന്നു. ഏതു സാഹചര്യത്തിലും ഏതിടങ്ങളിലും വാനമ്പാടികളെ കാണാറുണ്ട്. മുൾക്കാട്ടിലും പുൽമേട്ടിലും പുഴയോരത്തും താഴ്വരകളിലുമൊക്കെ വാനമ്പാടികളെ കാണാം. എവിടെയായാലും മനോഹരമായ ചിലമ്പലും ചിലയ്ക്കലും ചൂളൽപാട്ടുമൊക്കെ വാനമ്പാടികളുടെ ചുണ്ടുകളിൽ തത്തിക്കളിക്കും. വാനമ്പാടികളുടെ ഗാനത്തിന്റെ ഈണവും താളവുമൊക്കെ നമ്മുടെ ഭാവനയുടെ സ്വപ്നലോകം കവരുമെന്നു നിശ്ചയം.

■




ഫെബ്രുവരി 5
ദനഹാക്കാലം
അഞ്ചാംഞായർ

നിയ 18:13–18
ഏശ 48:12–20
ഹെബ്രാ 6:9–15
യോഹ 3:14–21

# ജീവൻ നൽകുന്ന ദൈവം



ഡോ. ജോസഫ്
കരികുളം

"എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). സൃഷ്ടിയുടെ രഹസ്യവും രക്ഷയുടെ ആവശ്യവും ദൈവത്തിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യവുമെല്ലാം കൃത്യമായി സൂചിപ്പിക്കുന്ന ദൈവവചനത്തിന്റെ ധ്യാനമാണ് ഇവിടത്തെ വായനകളുടെ കാതൽ.

സൃഷ്ടിയുടെ രഹസ്യം ദൈവത്തിന്റെ സ്നേഹമാണ്. "ഞാൻ, അതേ, ഞാൻതന്നെയാണ് അവനോടു സംസാരിച്ചത്, അവനെ വിളിച്ചത്; ഞാൻ അവനെ കൊണ്ടുവന്നു. അവൻ തന്റെ മാർഗത്തിൽ മുന്നേറും" (ഏശ. 48:15. രണ്ടാം വായന ഏശ. 48: 12–20). 'ഉണ്ടാകട്ടെ' എന്നരുൾ ചെയ്തപ്പോൾ ഓരോന്നോരോന്നായി സൃഷ്ടിക്കപ്പെട്ടു (ഉത്പ 1:3–25). ദൈവത്തിന്റെ വിളി ശ്രവിച്ചപ്പോൾ ഇല്ലായ്മയിൽനിന്ന് എല്ലാം ഉണ്ടായി. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാനുള്ള ഉൾവിളി ദൈവത്തിന്റേതുതന്നെ! ദൈവത്തിന്റെ ത്രിത്വത്തിന്റെ സ്നേഹക്കൂട്ടായ്മയുടെ വിളി മനുഷ്യനുൾപ്പെടെയുള്ള സകലത്തിന്റെയും സൃഷ്ടിയുടെ കാരണമായിത്തീർന്നു.


സ്രഷ്ടാവായ ദൈവംതന്നെയാണ് സൃഷ്ടിയുടെ വഴികാട്ടിയും പരിപാലകനും. "നിനക്കു നന്മയായുള്ളത് പഠിപ്പിക്കുകയും നീ പോകേണ്ട വഴിയിലൂടെ നിന്നെ നയിക്കുകയും ചെയ്യുന്ന നിന്റെ ദൈവമായ കർത്താവ് ഞാനാണ്" (ഏശ. 48:17). അപ്രകാരം ദൈവത്തെ നിരന്തരം അനുഭവിച്ചുകൊണ്ടു നിത്യജീവിതത്തിൽ, ഒരിക്കലും അവസാനിക്കാത്ത, സമാനതകളില്ലാത്ത ദൈവാനുഭവത്തിൽ ആയിരിക്കേണ്ട മനുഷ്യൻ അനുസരണക്കേടുമൂലം പറുദീസാ അനുഭവം നഷ്ടമാക്കി. "നീ എന്റെ കല്പനകൾ അനുസരിച്ചിരുന്നെങ്കിൽ നിന്റെ സമാധാനം നദിപോലെ ഒഴുകുമായിരുന്നു" (ഏശ. 48:18). പറുദീസാനുഭവം നഷ്ടമാക്കിയ മനുഷ്യന് അതു തിരിച്ചുനൽകേണ്ട കടമകൂടി ദൈവം ഏറ്റെടുക്കുന്നു.

മനുഷ്യകുലത്തെ ദൈവത്തിലേക്കു തിരികെയടുപ്പിക്കാൻ ദൈവം മനുഷ്യരിൽനിന്നു തിരഞ്ഞെടുത്തവരെ അവർ സ്വീകരിച്ചില്ല. അതിനാൽ, ദൈവം തന്നെത്തന്നെ അയയ്ക്കാനുള്ള പദ്ധതിയുമായി മുന്നോട്ടുപോകുന്നു. "നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരങ്ങളുടെ ഇടയിൽനിന്ന് എന്നെപ്പോലെയുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയയ്ക്കും" (നിയമ. 18:13–18). മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പരിശ്രമത്തിന്റെ ചരിത്രമാണ് രക്ഷാകരചരിത്രം.

ദൈവംകൂടെയുള്ള ഒരു ഗുരുവായിമാത്രം തന്നെക്കാണുന്ന നിക്കോദേമോസിനോട്, താൻ ദൈവത്തിൽനിന്നു വന്നവൻതന്നെയാണെന്ന് ഈശോ ഓർമിപ്പിക്കുന്നു. ഈ ചിന്തയാണ് ഇന്നത്തെ സുവിശേഷത്തിന്റെ കേന്ദ്രബിന്ദു (യോഹ. 3:14–21). നിക്കോദേമോസ് ഇസ്രായേലിലെ അറിവുള്ള ഒരു മനുഷ്യനായിരുന്നു, ഗുരുവായിരുന്നു. എന്നിട്ടും വിശുദ്ധഗ്രന്ഥത്തിലൂടെ ലഭിക്കുന്ന വെളിപാടിന്റെ അടിസ്ഥാനത്തിൽ ഈശോയെ മനസ്സിലാക്കാൻ അവനു കഴിഞ്ഞില്ല (3:10). മോശ മരുഭൂമിയിൽ ഉയർത്തിയ സർപ്പത്തെ, മനുഷ്യപുത്രനോടും അവന്റെ ലക്ഷ്യത്തോടും ഉപമിച്ച് ഈശോ നിക്കോദേമോസിന് സൂചനകൾ നൽകുന്നു.

മനുഷ്യപുത്രനിൽ വിശ്വസിക്കുന്ന ഒരാളും നശിച്ചുപോകാതെയിരിക്കാനും നിത്യജീവൻ പ്രാപിക്കാനും വേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (3:16). അതായത്, ദൈവം തന്നെത്തന്നെ സ്നേഹിക്കുന്നതുപോലെ ലോകത്തെയും സ്നേഹിച്ചു. ലോകം അതിന്റെ വളർച്ചയിൽ ദൈവവുമായി സഹകരിക്കുകയോ, അവിടുത്തെ കല്പനകൾ പാലിക്കുകയോ ചെയ്തില്ല എന്ന സത്യം നിലനിൽക്കെത്തന്നെ, ലോകത്തിന്റെ അനുസരണമില്ലാത്ത സ്വഭാവം ദൈവം പരിഗണിച്ചില്ല; മറിച്ച്, രക്ഷ ആവശ്യമുള്ളവരായും എന്നാൽ, സ്വയമേവ അതിനു സാധിക്കാത്തവരായും ദൈവം നമ്മെ കണ്ടു (3:16). തന്റെ പുത്രനെ നൽകുക എന്നുവച്ചാൽ, ദൈവം തന്നെത്തന്നെയാണു നൽകുന്നതെന്നു സാരം.

ലോകത്തെ രക്ഷിക്കണമെന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യമെങ്കിലും രക്ഷ സ്വീകരിക്കേണ്ടവർ അതിനെ തള്ളിക്കളയുമ്പോൾ അവർക്കുണ്ടാകുന്ന അനുഭവമാണ് ശിക്ഷാവിധി (3:16). ഈശോമിശിഹാ ദൈവത്തിൽനിന്നു വന്നവനാണെന്നും അവനാണു രക്ഷകനെന്നും വിശ്വസിക്കാത്തവർ പ്രകാശമായ ദൈവത്തിൽനിന്നകലുകയും അന്ധകാരത്തിന്റെ അടിമത്തത്തിലേക്കു പോകുകയും ചെയ്യുന്നു (3:19).



അവൻ നിത്യനാശത്തിലേക്കാണു പോകുന്നത്.

ദൈവത്തിൽ വിശ്വസിക്കുകയും അവൻ അയച്ച ഈശോമിശിഹായെ നാഥനും രക്ഷകനുമായി അംഗീകരിക്കുകയും ചെയ്യുകയെന്നത് ഏറ്റവും പ്രയാസകരമായ കാര്യമൊന്നുമല്ല. പക്ഷേ, ആ തീരുമാനത്തിലെത്തുമ്പോൾ ഓരോരുത്തരും ഏറ്റെടുക്കുന്ന സത്യത്തിന്റെ ശുശ്രൂഷ പ്രധാനമാണ്. അസത്യത്തിന്റെ മാർഗത്തിലൂടെ ഇനിയും നമുക്കു നടക്കാനാവില്ല; അന്ധകാരത്തിന്റെ ശക്തികളുമായുള്ള സഖ്യം നാം ഉപേക്ഷിച്ചേ മതിയാവൂ. കാരണം, നമ്മുടെ ജീവിതം ദൈവൈക്യത്തിലാണു തുടരുന്നത് (3:21). ഇപ്രകാരം, പ്രകാശമായ ദൈവത്തോടുള്ള നിരന്തരബന്ധത്തിൽ ആയിരിക്കുന്ന ഒരു വ്യക്തി സ്വയം പ്രകാശിക്കുന്നു. സത്യദൈവമായ അവിടുത്തോടു ചേർന്നിരിക്കുന്ന വ്യക്തിയും സത്യമായി മാറുന്നു. അങ്ങനെ ദൈവവുമായുള്ള ഐക്യം മനുഷ്യനു സാധ്യമാകുന്നു.

ദൈവൈക്യത്തിനായി ക്ഷമയോടെ കാത്തിരിക്കേണ്ടിവരുമെന്ന് ഹെബ്രായലേഖനം നമ്മെ ഓർമിപ്പിക്കുന്നു (ഹെബ്രാ. 6:9–15). താത്കാലികമായ നേട്ടങ്ങൾക്കുവേണ്ടിയുള്ള ദൈവവിശ്വാസത്തിന് ആഴം ഉണ്ടാകുകയില്ല. അതു തന്നെയുമല്ല, അങ്ങനെയുള്ള നേട്ടങ്ങൾ കിട്ടാതെവരുമ്പോൾ ദൈവത്തിലുള്ള വിശ്വാസം നഷ്ടമാകാനും സാധ്യതയുണ്ട്. അതിനാൽ യഥാർഥത്തിലുള്ള ദൈവവിശ്വാസത്തോടെ നഷ്ടത്തിലും ലാഭത്തിലും വേദനയിലും സന്തോഷത്തിലും ദൈവതിരുമനസ്സ് തിരിച്ചറിഞ്ഞു ജീവിക്കാൻ സഭാമാതാവ് നമ്മെ ക്ഷണിക്കുന്നു. ■




## കർത്താവേ എന്നെ ഓർക്കണമേ

ഗ്രന്ഥകർത്താ : ഫാ. ജോസഫ് വയലിൽ സി. എം. ഐ.
പ്രസാധനം : സോഫിയ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 300



ജീവിതത്തിന്റെ നിർണായകനിമിഷങ്ങളിൽ ബൈബിളിലെ വിവിധ കഥാപാത്രങ്ങൾ ഹൃദയത്തിൽനിന്നുയർത്തിയ പ്രാർഥനകൾ നമ്മുടെയും പ്രാർഥനകളാക്കി മാറ്റുന്ന അപൂർവ ഗ്രന്ഥം. ഒരേസമയം ബൈബിൾ പഠിക്കാനും ധ്യാനിക്കാനും പ്രാർഥിക്കാനും ഈ ഗ്രന്ഥം നമ്മെ സഹായിക്കുന്നു.

## ദൈവം മുഖം മറയ്ക്കുമ്പോൾ

ഗ്രന്ഥകർത്താ: ഡോ. ജെയിംസ് കിളിയനാനിക്കൽ
പ്രസാധനം : സോഫിയ ബുക്സ്, കോഴിക്കോട്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : ₹ 190



ജീവിതത്തിലെ നിരവധിയായ സംഘർഷങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തികളുടെ അന്തരംഗത്തിൽനിന്നുയരുന്ന ചോദ്യങ്ങൾക്ക് ആത്മീയതയുടെ നിറക്കൂട്ടിൽ ഉത്തരം നൽകുന്ന ഗ്രന്ഥം. ദൈവം കൈവിട്ടുവെന്നും ജീവിതം വഴിമുട്ടിയെന്നും നൊമ്പരപ്പെടുന്ന എല്ലാ ജീവിതങ്ങൾക്കും ഇത് ഒരു വഴിവിളക്കാണ്.

# നുണയുടെ മുഖംമൂടിയിൽ ജീവിതം മറയുമോ?



ജോസ് വഴുതനപ്പിള്ളി

അന്തരീക്ഷത്തിൽ എവിടെയോ നിന്ന് എന്തെങ്കിലുമൊക്കെ വലിച്ചെടുത്തു സ്വന്തം ഭാവന ഉപയോഗിച്ച് കുറെ നുണകൾ സൃഷ്ടിക്കുകയും അതിനെ വീണ്ടും വീണ്ടും പ്രയോഗിക്കുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. കുറേക്കഴിയുമ്പോൾ നാം തനിയെ ആ നുണകളെല്ലാം വിശ്വസിക്കാൻ തുടങ്ങും. നിങ്ങളുടെ നുണക്കഥകൾ ചിലപ്പോൾ വലിയ കൈയടികൾ നേടുന്നുണ്ടാകാം. ഒരുകൊച്ചു കഥ പറയാം. ഒരു പട്ടാളക്കാരൻ ജോലിയിൽനിന്നു വിരമിച്ചു നാട്ടിൽ എത്തിയതായിരുന്നു. 'ലേ'യിലും മറ്റു ബോർഡറുകളിലും എങ്ങനെ ചീറിപ്പാഞ്ഞുവരുന്ന വെടിയുണ്ടകൾക്കിടയിലൂടെ പാഞ്ഞുചെന്ന് ശത്രുവിനെ സംഹരിച്ചു എന്നൊക്കെയുള്ള വീരകഥകൾ അയാൾ വാതോരാതെ മൊഴിഞ്ഞുകൊണ്ടിരുന്നു. കഥകൾ പല പ്രാവശ്യം പറഞ്ഞുപറഞ്ഞ് അയാൾ അതു സ്വയം വിശ്വസിക്കാൻ തുടങ്ങി. എന്നാൽ, സത്യം മറ്റൊന്നായിരുന്നു: അയാൾ ആർമി മെസ്സിലെ ഒരു പാചകക്കാരനായിരുന്നു. തോമസ് ജെഫേഴ്സൺ ഒരിക്കൽ പറഞ്ഞു: "ഒരിക്കൽ ഒരു നുണ പറയാൻ സ്വയം അനുവദിക്കുന്നവൻ അത് രണ്ടാം പ്രാവശ്യം എളുപ്പത്തിൽ പറയും. പിന്നീടത് അതിവേഗം മൂന്നാം പ്രാവശ്യം - ഒടുവിൽ അതൊരു ശീലമാകും." ഇനി മറ്റൊരു ഉദാഹരണം പറയാം. ഒരിടത്ത് ഒരു വയോവൃദ്ധനുണ്ടായിരുന്നു. ബാല്യത്തിൽ അയാൾ മഹാത്മാഗാന്ധിയോടൊപ്പം അഹമ്മദാബാദിൽ ഉണ്ടായിരുന്നുവെന്നും ദണ്ഡിമാർച്ചിൽ പങ്കെടുക്കാൻ പോയിട്ടുണ്ടെന്നുമൊക്കെ വളരെ ആകർഷകമായി കഥകൾ മെനയുമായിരുന്നു അദ്ദേഹം. സത്യത്തിൽ അദ്ദേഹത്തിന് സ്വാതന്ത്ര്യസമരവുമായി യാതൊരു ബന്ധവുമില്ലായിരുന്നു. ആൾ അവിടെ ഒരു കണക്കപ്പിള്ളയായിരുന്നു. ജയിലിൽ കിടന്നുവെന്നത് ശരിയാണ്. അത് കണക്കിൽ കാണിച്ച കൃത്രിമത്വത്തിനായിരുന്നു എന്നു മാത്രം.

എത്രകണ്ട് ഉജ്ജ്വലങ്ങളായ സജീവചിത്രങ്ങൾകൊണ്ട്, വൈകാരികത സൃഷ്ടിക്കുമാറ്, സത്യമെന്നു തോന്നിപ്പിക്കുന്ന ചിത്രങ്ങൾ വരയ്ക്കാനും കേൾവിക്കാരെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്താനുമാകും എന്നതാണു ചോദ്യം. എവിടെയൊക്കെയോ കേട്ട കഥകൾ തന്മയത്വത്തോടെ അവതരിപ്പിച്ച് എങ്ങനെ മനുഷ്യരെ പുളകമണിയിക്കാം എന്നതിലാണ് കാര്യം. ചില ഡോക്ടർമാർ അവർ നടത്തിയ എണ്ണമറ്റ ശസ്ത്രക്രിയകളുടെ വിജയഗാഥകൾ പാടും. രാഷ്ട്രീയനേതാക്കന്മാർ അവർ സൃഷ്ടിച്ച നേട്ടങ്ങളുടെ കഥകൾ വാതോരാതെ പറയും. കോർപ്പറേറ്റുകളുടെ ലോകത്തും അസംഖ്യം നേട്ടങ്ങളുടെ കഥകൾ നമ്മെ അദ്ഭുതപ്പെടുത്തുന്ന മാത്രയിൽ പ്രചരിപ്പിക്കാറുണ്ട്. മതസംഘടനകൾപോലും അവരുടെ നാടൊട്ടുക്കുമുള്ള പ്രചാരത്തെപ്പറ്റിയും അവരുടെ സാമൂഹികപ്രവർത്തനങ്ങളെക്കുറിച്ചുമെല്ലാം കഥകൾ മെനയാറുണ്ട്. എന്തിനേറെ, ആത്മകഥകൾ പോലും കള്ളങ്ങൾ ഏച്ചുകെട്ടി, ചമയ്ക്കുന്നവരുണ്ട്. ഗ്രന്ഥകർത്താവ് ഇത് പലപ്രാവശ്യം വായിക്കുമ്പോൾ വ്യാജം സത്യമാണെന്നു വിശ്വസിക്കാൻ തുടങ്ങും.

മനഃശാസ്ത്രപരമായ ഒരു വിശകലനം നടത്തിയാൽ നമുക്കു മനസ്സിലാകും, അവർക്കു സത്യമേത് അസത്യമേത് എന്നു നിർണയിക്കാനാവാത്ത അവസ്ഥയാണെന്ന്. ഫിയോദോർ ഡോസ്റ്റോവ്സ്കി നമ്മെ ഓർമിപ്പിക്കുന്നു: 'സർവോപരി നാം നമ്മോടുതന്നെ നുണ പറയാതിരിക്കണം. സ്വന്തം നുണകൾ ശ്രവിക്കുന്ന ഒരുവൻ തനിക്കുള്ളിലും ചുറ്റുപാടിലുമുള്ള സത്യങ്ങളെ വിവേചിച്ചറിയാനുള്ള ശക്തിയെ നഷ്ടമാക്കുന്നു. മാത്രമല്ല, തനിക്കു തന്നോടുതന്നെയുള്ള മതിപ്പും മറ്റുള്ളവരോടുള്ള ആദരവും അതോടെ നഷ്ടമാകുന്നു. സ്നേഹിക്കാനുള്ള കഴിവും അന്യമാകുന്നു.

### നുണയന്മാരുടെ മസ്തിഷ്കം

തുടർച്ചയായി നുണപറയുന്നവരുടെ മസ്തിഷ്കത്തിൽ എന്തെങ്കിലും പ്രത്യേകതകൾ കാണാനുണ്ടോ? 'യാലിങ് യാങ്' എന്നൊരു മനഃശാസ്ത്രജ്ഞൻ നുണ പതിവാക്കിയ കുറേപ്പേരുടെ ബ്രെയിൻ സ്കാൻ മറ്റുള്ളവരുടേതുമായി ഒന്നു തട്ടിച്ചുനോക്കി. മസ്തിഷ്കത്തിന്റെ മുൻഭാഗത്തിനു തൊട്ടുപിമ്പിലുള്ള ഭാഗത്ത് 20 ശതമാനം കൂടുതൽ നാഡിഞരമ്പുകൾ നുണയന്മാരുടെ തലയിൽ കണ്ടെത്തി. ഇതിൽനിന്ന് അർഥമാകുന്നത് ഈ പതിവുകാർക്കു ബ്രെയിനിനുള്ളിൽ കൂടുതൽ സംയോജനം (connectivity) ഉണ്ടെന്നാണ്. ഇതിനു കാരണം തുടർച്ചയായി മൊഴിയുന്ന നുണകൾ തന്നെ. അതായത്, നുണകളുടെ നൂലാമാലകൾ സൃഷ്ടിക്കാൻ അവർക്കു ഞൊടിയിടയിൽ സാധിക്കും എന്നു സാരം. മനുഷ്യർ തുടർച്ചയായി നുണകൾ പറയുമ്പോൾ മസ്തിഷ്കത്തിന്റെ അമിഗ്ദല എന്ന ഭാഗത്തു പ്രവർത്തനം ഊർജസ്വലമാകുന്നു. നുണ പറയുമ്പോൾ നമുക്കുണ്ടാകുന്ന ഭയാശങ്കകളെയും അസ്വാസ്ഥ്യങ്ങളെയും അമിഗ്ദല വർധിപ്പിക്കുന്നു.

### കള്ളസാക്ഷ്യങ്ങൾ

കോടതികളിൽ പലപ്പോഴും ഉയർന്നുകേൾക്കുന്ന അസത്യങ്ങളുണ്ട്. കുറ്റകൃത്യത്തിനു ദൃക്സാക്ഷികളായവർ ആണയിട്ടുപറയും ഞാൻ ആ പ്രദേശത്തെങ്ങും ഇല്ലായിരുന്നു, ഞാനൊന്നും കണ്ടില്ല കേട്ടില്ല എന്ന്. ചിലപ്പോൾ ഇയാൾതന്നെ കൂട്ടുപ്രതിയാകാനും മതി. അവർ എല്ലാം നിരസിക്കും. ചിലപ്പോൾ മറ്റെതെങ്കിലും നാട്ടിലായിരുന്നുവെന്ന് സ്ഥാപിക്കും. ഇതു ചിലപ്പോൾ സ്വന്തം കുറ്റകൃത്യത്തിലെ പങ്കിനു മൂടുപടം അണിയിക്കാനാകാം. എന്തിനു ബലാത്സംഗത്തിനും മറ്റും ഇരയായവർപോലും ചിലപ്പോൾ പ്രത്യാഘാതങ്ങളെ ഭയന്ന് അസത്യം പറയും.

### എന്തുകൊണ്ടാണ് നുണപറയുന്നത്?

നിയമനടപടികളെ ഒഴിവാക്കാനും ചിലപ്പോൾ വെറും ഭീതി കാരണവും മനുഷ്യൻ നുണപറയാൻ നിർ



ബന്ധിതനാകുന്നു. ചിലപ്പോൾ ഈ നുണപറച്ചിൽ എന്തെങ്കിലും സ്വാർഥതാത്പര്യം സംരക്ഷിക്കാനോ പണം നേടാനോ ആയിരിക്കാം. വേണ്ടവിധം കൈമടക്കു കൊടുത്താൽ കുറ്റം ചെയ്തവനനുകൂലമായി എത്ര നുണകൾ വേണമെങ്കിലും പറയുന്നവരുണ്ട്. ജോലി സമ്പാദിക്കാൻ അല്ലെങ്കിൽ ചിട്ടിക്കമ്പനിപോലത്തെ വലിയ തട്ടിപ്പുകൾ നടത്തി കോടികൾ കൈക്കലാക്കാൻ ഒക്കെ ആളുകൾ നുണകൾ പറയും. മറ്റു ചിലർ സമൂഹത്തിൽ മാന്യന്മാരായി സ്വയം അവതരിപ്പിക്കാനായി നുണക്കഥകൾ പ്രചരിപ്പിക്കും. ചുരുക്കം ചില കേസുകളിൽ ആന്തരോദ്ദേശ്യം എന്താണെന്ന് അവനവനുപോലും അറിയാതെ ചിലർ അകാരണമായി ഒരു സങ്കോചവുംകൂടാതെ സമർഥമായ നുണച്ചീട്ടുകൾ ഇറക്കും.

### പോളിഗ്രാഫ്

വഞ്ചന ചെയ്യുന്നവൻ തന്റെ നേട്ടത്തിനായാണ് സത്യത്തിനു മറയിടാൻ നോക്കുക. നുണ രക്തത്തിൽ അലിഞ്ഞുചേർന്ന മാനസികവൈകല്യമുള്ളവർക്കു യാഥാർഥ്യങ്ങളെ ഉൾക്കൊള്ളാനാവില്ല. വികലമായിരിക്കും അവരുടെ ദൃഷ്ടികോണം. അതുകൊണ്ടുതന്നെ നാം കൊട്ടിഘോഷിക്കാറുള്ള നുണപരിശോധനാഫലങ്ങൾ പലപ്പോഴും വസ്തുനിഷ്ഠമാകണമെന്നില്ല. സംശയത്തിന് അതീതമാകണമെന്നില്ല. ഇത്തരം ടെസ്റ്റുകളുടെ ഫലസിദ്ധി അപൂർണതകളിൽ തൊട്ടുനിൽക്കുന്നു. ആധുനിക പോളിഗ്രാഫ് ഉപകരണങ്ങൾ ചോദ്യം ചെയ്യുമ്പോഴുള്ള ഒരാളുടെ ഹൃദയസ്പന്ദനങ്ങൾ, ബാഹ്യചേഷ്ടകൾ ദീർഘനിശ്വാസം, വിയർപ്പൊഴുക്കുന്നതുപോലുള്ള പ്രത്യക്ഷശാരീരികവ്യതിയാനങ്ങൾ എന്നിവയാണ് രേഖപ്പെടുത്തുക. വ്യക്തതയോടെയുള്ള, കുറിക്കുകൊള്ളുന്ന ചോദ്യങ്ങൾ ചോദിച്ചാൽ മാത്രമാണു സത്യങ്ങൾ മറനീക്കിവരിക. ചോദ്യത്തിൽ എന്തെങ്കിലും സങ്കീർണതയോ മനസ്സിലാക്കാനുള്ള വൈഷമ്യമോ വന്നാൽ ചോദ്യം ചെയ്യൽ അർഥശൂന്യമാകും. ചിലപ്പോൾ മനോസംഘർഷങ്ങൾ കാരണം വഴിതെറ്റിക്കുന്ന ഉത്തരങ്ങൾ വരും. മറ്റുചിലർ അവർ വിശ്വസിക്കുന്ന, നെഞ്ചോടുചേർക്കുന്ന മതവിശ്വാസത്തിന്റെ പേരിലും മറ്റും സത്യത്തിനു ശക്തമായ മറയിടും.

### കോടതിക്കഥകൾ

കുറ്റാന്വേഷകർക്കു പലപ്പോഴും വലിയ തലവേദനയാണ് സാക്ഷികളെക്കൊണ്ടു സത്യം പറയിക്കുക എന്നത്. ചിലർ പറയും എനിക്ക് ഒന്നും ഓർമയില്ല. കൂട്ടത്തിൽ പങ്കാളികളായവർ ഓർമ നഷ്ടപ്പെട്ട മനോരോഗികളായി ഭാവിക്കും. പലപ്പോഴും വക്കീലന്മാരുടെ നിർദേശപ്രകാരമായിരിക്കും ഈ അഭിനയം. മറ്റുചിലർ സത്യത്തിൽനിന്ന് ഏറെ അകലെനിന്നുകൊണ്ട് ചില ഇല്ലാക്കഥകൾ മെനയും. തന്മയത്വത്തോടെ അതൊക്കെ കോടതിയിൽ അവതരിപ്പിക്കും. താൻ ഇതൊക്കെ നടക്കുമ്പോൾ ദൂരെ എവിടെയോ ആയിരുന്നു എന്നു സ്ഥാപിക്കുന്ന വ്യാജതെളിവുകൾ നിരത്തും. സത്യത്തിൽ ഇതൊക്കെ നീതിന്യായവ്യവസ്ഥയ്ക്കു മുമ്പിലെ വലിയ വെല്ലുവിളികളാണ്. ഇനി സത്യം പറയുന്നവരാണെങ്കിൽപ്പോലും വർഷങ്ങൾക്കുശേഷം കാര്യങ്ങൾ വിവരിക്കുമ്പോൾ ഓർമത്തകരാറുകൾ അവർക്കും വന്നുചേരാം. ഫോറൻസിക് വിദഗ്ധർക്കും ജഡ്ജിമാർക്കും വിഷമം പിടിച്ചകാര്യമാണ് സാക്ഷികളുടെ ഓർമകളെ അടിസ്ഥാനമാക്കി കേസ് തെളിയിക്കാൻ പോന്ന റെക്കോർഡുകൾ സൃഷ്ടിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയുമെന്നത്. ചോദ്യം ചെയ്യലിന്റെയും വിസ്താരത്തിന്റെയും ടെക്നിക്കുകൾ പഠിച്ചിട്ടുള്ള വിദഗ്ധർക്ക് ഒരു വലിയ പരിധിവരെ വിവരങ്ങൾ ശേഖരിച്ചെടുക്കാം എന്നിരുന്നാലും മുഴുവൻ സത്യങ്ങളും പലപ്പോഴും വെളിവായി എന്നുവരില്ല. കാരണം മനുഷ്യരുടെ ഓർമകൾക്കു വരുന്ന മങ്ങലും ഇടർച്ചയും തകരാറുംതന്നെ.

### ടോമിന്റെ കഥ

മുംബൈയിലെ ഒരു പള്ളിയിൽ അറുപതുകളിൽ ഒരു യുവകോമളൻ എത്തിച്ചേർന്നു. പേര് ടോം. ആകർഷകമായ വിനയസമ്പന്നമായ പെരുമാറ്റത്തിലൂടെ, അവൻ ആ ഇടവകക്കാരുടെ മുഴുവൻ ശ്രദ്ധ ചുരുങ്ങിയകാലംകൊണ്ടു നേടിയെടുത്തു. യുവജനങ്ങളുടെ പരിപാടികളിലെല്ലാം അയാൾ വളരെ ഉത്സാഹത്തോടെ പങ്കുചേർന്നു. പലർക്കും ഒരു റോൾമോഡലായിരുന്നു അവൻ. ഗവൺമെന്റ് ഓഫീസുകൾക്കുമുമ്പിൽ പഴങ്ങൾ വിൽക്കുകയായിരുന്നു ഉപജീവനമാർഗം. എല്ലാവർക്കും അയാളെ ഇഷ്ടമായി. പെൺകുട്ടികൾ ആളെ കണ്ടാൽ കുണുങ്ങിച്ചിരിക്കുമായിരുന്നു. ചില മാതാപിതാക്കന്മാർ വിവാഹാലോചനകൾവരെ നടത്തി. അവൻ അവരെ സ്നേഹപൂർവം മടക്കിയയച്ചു. ഒരിക്കൽ പാകിസ്ഥാനിൽ ഉണ്ടായിരുന്ന ഒരാൾ വന്നപ്പോഴാണ് ടോമിനെക്കുറിച്ചുള്ള സത്യങ്ങൾ പുറത്തുവന്നത്. അയാൾ സത്യത്തിൽ ക്രിസ്ത്യാനിവേഷമണിഞ്ഞ ഒരു പാകിസ്ഥാൻ ചാരനായിരുന്നു. താമസിയാതെ ആളെ പോലീസ് പിടികൂടി ജയിലിലടച്ചു.


ആൾമാറാട്ടക്കാരും കപടവേഷക്കാരുമൊക്കെ നമുക്കു ചുറ്റിലുമുണ്ട്. ക്രിമിനൽകുറ്റങ്ങൾ ചെയ്തവർ മാടപ്രാവിന്റെ വിശുദ്ധിയോടെ നമ്മുടെ മുമ്പിൽ അവതരിക്കും. പത്താംക്ലാസുപോലും പാസാകാതെ വർഷങ്ങളോളം പ്രാക്ടീസ് ചെയ്ത വ്യാജഡോക്ടർമാരെ നമുക്കറിയാം. ഈ വൻനുണയന്മാരെ പലപ്പോഴും തിരിച്ചറിയാതെപോകും. അവർ സമൂഹത്തിൽ സൃഷ്ടിക്കുന്ന വിപത്തുകൾ നമുക്കു സങ്കല്പിക്കാൻ പോലും പറ്റില്ല.

നുണ പറയാനുള്ള അനേകം കാരണങ്ങൾ നാം കണ്ടു. ചിലർക്ക് ഇത് വെറുമൊരു വിനോദമാണ്. മറ്റുള്ളവരെ വിഡ്ഢികളാക്കി അവരുടെമേൽ ഒരുതരം ആധിപത്യം സ്ഥാപിക്കുകയാണ് അവരുടെ ലക്ഷ്യം. മറ്റുചിലർക്ക് മറ്റുള്ളവരുടെമുമ്പിൽ മോഹനത്വം വിളമ്പി ഇല്ലാത്ത മറ്റൊരു വ്യക്തിത്വം പൊലിപ്പിച്ചുകാട്ടി ആകർഷണവലയം തീർക്കാനായുള്ള ഒരു ഉപാധിയാണിത്. യാഥാർഥ്യങ്ങളുടെ ലോകത്ത് ഒരാൾക്ക് ജനസമ്മിതി നേടാനും സ്വന്തം പ്രതിച്ഛായ വർധിപ്പിക്കാനും ജീവിതത്തിൽ മുന്നേറാനും സ്വന്തം ഊർജമാണ് വേണ്ടിവരിക. കള്ളനാണയങ്ങൾ ജനം തിരിച്ചറിയും.

നുണപറയാനുള്ള വാസന വ്യാപകമായിത്തന്നെ മനുഷ്യരിലുണ്ട്. മനഃശാസ്ത്രജ്ഞന്മാരും സാമൂഹികശാസ്ത്രജ്ഞന്മാരും മസ്തിഷ്കവിദഗ്ധരും ഈ വിഷയത്തെപ്പറ്റി വിശദമായി പഠിച്ച് അതിന്റെ മൂലകാരണങ്ങൾ അപഗ്രഥിക്കുന്നുണ്ട്. ഒരുവശത്തു ധാരാളമാളുകൾ മറ്റുള്ളവരെ കബളിപ്പിക്കാനും വൻനുണകൾ വിളമ്പാനും ഒരുങ്ങിനിൽക്കുമ്പോൾ മറുവശത്ത് അതെല്ലാം അപ്പാടെ വിഴുങ്ങാൻ തയ്യാറായി മറ്റൊരു കൂട്ടർ. അപ്പോൾ നെല്ലും പതിരും വേർതിരിച്ചു സത്യം കണ്ടെത്തുക അത്ര എളുപ്പമല്ല.

■

# നാടൻകളികൾക്ക് ഇനി നല്ലകാലം



സനിൽ പി. തോമസ്

ഇന്ത്യയുടെ ഹൃദയത്തുടിപ്പായിട്ടാണ് നമ്മുടെ നാടൻവിനോദങ്ങളെ സ്വാമി വിവേകാനന്ദൻ കണ്ടത്. ആരോഗ്യമുള്ള ശരീരമാണ് ആരോഗ്യമുള്ള മനസ്സിനു പിന്നിലെന്ന് ഉറച്ചുവിശ്വസിച്ച സ്വാമി വിവേകാനന്ദൻ ഒട്ടേറെ നാടൻവിനോദങ്ങൾക്കു പ്രോത്സാഹനം നൽകി. ഛത്രപതി ശിവജിയും ബാലഗംഗാതരതിലകുമൊക്കെ നാടൻവിനോദങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്നത് യഥാക്രമം സൈനികർക്കും സ്വാതന്ത്ര്യസമരസേനാനികൾക്കും വ്യായാമത്തിനായാണ്.

ഇന്ത്യയുടെ തനതുവിനോദങ്ങളിൽ പലതിന്റെയും തുടക്കം മഹാരാഷ്ട്രയിലാണ്, പ്രത്യേകിച്ച് പുനെയിൽ. അവയിൽ പലതും കേരളത്തിലും പ്രചരിച്ചു. മാത്രമല്ല, കേരളത്തിൽ തുടക്കമിട്ട വിനോദങ്ങളും കാണും. ഒരേ നാടൻകളി വിവിധ സംസ്ഥാനങ്ങളിൽ പല പേരുകളിൽ അറിയപ്പെടുന്നതിനാൽ പലപ്പോഴും ഇവ എവിടെയാണു തുടക്കമിട്ടതെന്ന കാര്യത്തിൽ സംശയമുണ്ടാകും. എന്തായാലും ഇന്ത്യയിലെ പ്രാദേശിക വിനോദങ്ങൾക്ക്, അഥവാ നാടൻകളികൾക്കു നല്ലകാലം തെളിയുകയാണ്. 'ഭാരതീയ ഗെയിംസ്' എന്ന പേരിൽ ഇവ രാജ്യത്തെങ്ങും കോളജുകളിലും സ്കൂളുകളിലും പ്രചരിപ്പിക്കാൻ കേന്ദ്രവിദ്യാഭ്യാസമന്ത്രാലയം ഒരുങ്ങുകയാണ്. ഇന്ത്യൻ നോലെഡ്ജ് സൊസൈറ്റി(ഐ.കെ.എസ്.)യാണ് നാടൻവിനോദങ്ങൾ കണ്ടെത്തുന്നതും പ്രോത്സാഹനം നല്കുന്നതും.

വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 75 നാടൻകളികൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ കേരളം നിർദേശിച്ചത് കളരിപ്പയറ്റു മാത്രം. പക്ഷേ, കേരളത്തിൽ നാട്ടിൻപുറങ്ങളിൽ പ്രചാരത്തിലുള്ള പല കളികളും ലിസ്റ്റിലുണ്ട്. അത് മറ്റു പേരുകളിലാണെന്നു മാത്രമല്ല, മറ്റു സംസ്ഥാനങ്ങളുടെ പേരിലുമാണ് ലിസ്റ്റിൽ സ്ഥാനം നേടിയത്. കേന്ദ്രീയ വിദ്യാലയങ്ങളിൽ തുടക്കമിടുന്ന പദ്ധതി എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കും ഈ വർഷം തന്നെ എത്തിക്കാനാണു കേന്ദ്ര പദ്ധതി.

ജാവലിൻ ത്രോ പോലുള്ള ഇനങ്ങൾ ലിസ്റ്റിൽ കാണുന്നു. അതുപോലെ കബഡിയുടെ വിവിധരൂപങ്ങൾ വേർപെടുത്തിയിട്ടുണ്ട്. ഇതെല്ലാം ഭാവിയിൽ പരിഹരിക്കപ്പെടുമെന്നു കണക്കുകൂട്ടാം. നമ്മുടെ കുട്ടിയുംകോലും 'ഗില്ലി ദൻഡ' എന്ന പേരിലും കല്ലുകളി, 'ഗുട്ടേ'യായും ഡോഡ്ജ് ബോൾ 'ദോക്ഫെൽ' ആയുമൊക്കെ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. പട്ടം പറത്തൽ 'പതങ് ഉദയം' എന്ന പേരിലാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്.

ആദ്യം കളികൾ പ്രചരിപ്പിക്കുക, തുടർന്നു മത്സരങ്ങൾ നടത്തുക എന്നിങ്ങനെയാണു പരിപാടി. ഈ മാസം തുടങ്ങാനാണ് ആലോചിച്ചിരുന്നതെങ്കിലും കേരളത്തിൽ നടപ്പാകാൻ കുറ



ച്ചുനാൾകൂടി കാത്തിരിക്കേണ്ടിവന്നേക്കും. മേൽനോട്ടത്തിനായി എല്ലാ വിദ്യാലയങ്ങളിലും ഓരോ അധ്യാപകനെ ചുമതലപ്പെടുത്തും. കളികളുടെ രീതി, സ്കോറിങ്, നിയമങ്ങൾ എന്നിവ ഉൾപ്പെടുത്തി പരിശീലനപരിപാടി ഐ.കെ.എസ്. വികസിപ്പിക്കും. ഇന്റർ സ്കൂൾ മത്സരങ്ങളിൽ വിജയിക്കുന്ന കുട്ടികൾക്കും പരിശീലിപ്പിച്ച അധ്യാപകർക്കും അംഗീകാരം കിട്ടും. ദേശീയ റാങ്കിങ്ങും ഉണ്ടാകും.

ട്രെഡീഷനൽ സ്പോർട്സ് ആൻഡ് ഗെയിംസ് ഫെഡറേഷൻ (ഇന്ത്യൻ സബ് കോൺഡിനെന്റ്) ആയിരിക്കും സംഘാടകർ. 2023 ൽ ഭാരതത്തിന്റേതായൊരു കായികസംസ്കാരം പ്രചരിപ്പിക്കുകയാണു ലക്ഷ്യം.

ഓണക്കാലത്തും മറ്റും നമ്മുടെ നാട്ടിൻപുറങ്ങളിൽ മാത്രം കണ്ടിരുന്ന നാടൻകളികൾക്ക് ഇനി ദേശീയശ്രദ്ധ ലഭിക്കും, ആധുനികകളികളിലെപ്പോലെ. അടിസ്ഥാനസൗകര്യവികസനമോ വിലകൂടിയ ഉപകരണങ്ങളോ ആവശ്യമില്ലാത്തതിനാൽ ഗ്രാമങ്ങളിലെ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും നാടൻകളികൾ സംഘടിപ്പിക്കാൻ അനായാസം കഴിയും.

നമ്മുടെ നാട്ടിൽ കളിസ്ഥലങ്ങളുടെ കുറവ് പ്രകടമാണ്. പല സ്കൂളുകളിലും കോളജുകളിലും കളിക്കളങ്ങൾ ഇല്ല. ഉള്ളവയാകട്ടെ വേണ്ടപോലെ സംരക്ഷിക്കാനും സാധിക്കുന്നില്ല. ഇതിനെല്ലാം പരിഹാരമാകും. ക്ലാസ്മുറികളിലും ചെറിയ മുറ്റങ്ങളിലുമൊക്കെ നടത്താവുന്ന കളികളാണ് അധികവും. കബഡി, ഖോ-ഖോ, അട്ടയ - പട്ടയ തുടങ്ങിയ ഇനങ്ങൾക്കു മാത്രമാണ് കൂടുതൽ സ്ഥലം ആവശ്യമുള്ളത്. ഇവ വിവിധ സ്കൂളുകൾക്കു സംഘടിതമായി പൊതുവേദിയിൽ പരിശീലിപ്പിക്കുവാൻ കഴിയും.

ബോൾ ബാഡ്മിന്റനെയും ഈ ഗണത്തിൽപ്പെടുത്താം. പള്ളിമുറ്റങ്ങളിലും അമ്പലമൈതാനങ്ങളിലും പണ്ട് ബോൾബാഡ്മിന്റൻ സജീവമായിരുന്നു. തെന്നിന്ത്യയിൽ ആഴത്തിൽ വേരുകളുള്ള ഈ കളി(പൂപ്പന്താട്ടം എന്നു പറയും.) ഇനിയും രാജ്യാന്തരതലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടില്ല. കബഡിപോലെ ഭാവിയിൽ ബോൾ ബാഡ്മിന്റനും ഏഷ്യൻ ഗെയിംസ് ഇനമാക്കാൻ കഴിയണം. കബഡിയിലെ ഇന്ത്യൻ ആധിപത്യം ഇറാൻ അവസാനിപ്പിച്ചു എന്നോർക്കണം.

മല്ലാക്കാമ്പ് സർവരോഗസംഹാരിയായാണ് അറിയപ്പെടുന്നത്. ജിംനാസ്റ്റിക്സുമായി ഏറെ സാമ്യമുണ്ട്. കലാമൂല്യമുള്ള നാടൻകളികളും കേരളത്തിനു പരിചിതമാണ്. വിദ്യാർഥികളെ കൂടുതൽ ഊർജസ്വലരാക്കാനും ആരോഗ്യമുള്ളവരായി വളർത്താനും നാടൻകളികൾക്കു കഴിയും. പുതിയ തലമുറ ക്രിക്കറ്റിലും എഫ്. വൺ കാർറാലിയിലും ഫുട്ബോളിലും മാത്രമല്ല, ദൃശ്യഭംഗിയോടെ ടിവിയിൽ സംപ്രേഷണം ചെയ്യപ്പെടുന്ന സ്നൂക്കറും ബില്യാർഡ്സുംപോലുള്ള വിനോദങ്ങളിലും ആകൃഷ്ടരാണ്.

സാധാരണ ഏതു കളിയിലും പങ്കെടുക്കാൻ പ്രത്യേക കഴിവുവേണം, മുതൽമുടക്കുവേണം. അതുകൊണ്ടുതന്നെ പിൻതിരിഞ്ഞുനിൽക്കുന്നവർ ഏറെയാണ്. ഇവർക്കുള്ള അവസരംകൂടിയാണ് നാടൻവിനോദങ്ങൾ ഒരുക്കുന്നത്. കബഡിയിലും ഖോ-ഖോയിലും കളിമികവുവേണം. പക്ഷേ, എട്ടുകളിയിലും കുട്ടിയും കോൽകളിയിലും അത്രയും വേണ്ട. തനിക്കും കളിക്കാൻ പറ്റുമെന്ന തോന്നൽ ഏതു കുട്ടിയിലും ഉണ്ടാകും. ഇത് പങ്കാളിത്തം വർധിപ്പിക്കും. പാഠ്യേതരവിഷയങ്ങളിൽ കുട്ടികളെ കൂടുതൽ ബന്ധപ്പെടുത്താനുള്ള അവസരവും തെളിയും.

ടി.വിയുടെയും മൊബൈലിന്റെയും മുന്നിൽ മണിക്കൂറുകൾ ചെലവിടുന്ന പുതിയ തലമുറയെ കുറച്ചുസമയമെങ്കിലും മാറ്റിനിർത്തി, ശരീരത്തിനും മനസ്സിനും ഒരുപോലെ ഉല്ലാസംപകരുന്ന സാധാരണ കളികളിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ അതു വലിയ കാര്യമാണ്. പുതിയ തലമുറ ആരോഗ്യത്തോടെ വളരട്ടെ.

കേരളത്തിലെ വിനോദങ്ങൾ ഐ.കെ.എസിന്റെ ദേശീയ കോ-ഓർഡിനേറ്റർ, ഡോ. അനുരാധാ ചൗധരിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പരിഗണിക്കുമെന്നാണു പ്രതീക്ഷ. സമയത്തിനു നിർദേശങ്ങൾ സമർപ്പിക്കാൻ കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ മറന്നു. പക്ഷേ, ഇനിയും അവസരം കിട്ടുമെന്നു കരുതാം. വരുന്ന മധ്യവേനൽ അവധിക്കാലം കേരളത്തിലെ വിദ്യാലയങ്ങൾ ഭാരതീയഗെയിംസിന്റെ പ്രചാരണത്തിനുപയോഗിച്ചാൽ നന്നായിരിക്കും. ആധുനികകളികൾ പ്രോത്സാഹിപ്പിക്കാൻ ഏറെപ്പേർ കാണും. നാടൻകളികൾ പ്രോത്സാഹിപ്പിക്കാനാണ് ആളില്ലാത്തത്. ആ സ്ഥിതി മാറുകയാണ്. കേന്ദ്രസർക്കാർ സ്വപ്നപദ്ധതിയായി ഇതിനെ കണ്ടാൽ ഗ്രാമങ്ങൾ ഉണരും. ഗ്രാമങ്ങളിലെ കുട്ടികളും രക്ഷപ്പെടും. ■

## അക്കാദമിക് കോ-ഓർഡിനേറ്റർ

തിരുവനന്തപുരം: പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിരുവനന്തപുരം കാമ്പസിൽ ഫുൾടൈം അക്കാദമിക് കോ-ഓർഡിനേറ്ററുടെ ഒഴിവുണ്ട്. സിവിൽ സർവീസ് പരിശീലന പരിചയമുള്ളവർക്ക് അവസരം. ബന്ധപ്പെടുക: 9539381100.

## ലോഗോസ് ക്വിസ് പഠനസഹായി പുറത്തിറങ്ങി

പാലാ രൂപത ബൈബിൾ അപ്പസ്തോലേറ്റ് തയ്യാറാക്കിയ ലോഗോസ് ക്വിസ് പഠനസഹായി - 2023 പുറത്തിറങ്ങി. ഡോ. സൈറസ് വേലംപറമ്പിൽ, സി. ബെറ്റി എൽ.എ.ആർ., ബീനാ ജേക്കബ് പുളിക്കക്കുന്നേൽ എന്നിവരാണ് ക്വിസ് തയ്യാറാക്കിയിരിക്കുന്നത്.

ജോഷ്വാ 13-24, പ്രഭാഷകൻ 27-33, ലൂക്കാ 1-8, 2 കൊറിന്തോസ് 1-6 എന്നീ വിശുദ്ധഗ്രന്ഥഭാഗങ്ങളാണ് ലോഗോസ് ക്വിസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോപ്പികൾ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ ലഭ്യമാണ്. വില 90 രൂപ.



തോമസ് ബാബു (പ്രസിഡന്റ്)



ടോണി കവിയിൽ (ജന. സെക്രട്ടറി)

പാലാ രൂപത എസ്.എം.വൈ.എം. - കെ.സി.വൈ.എം. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട തോമസ് ബാബു (കാട്ടാമ്പാക്ക്), ജനറൽ സെക്രട്ടറി ടോണി കവിയിൽ (ഉള്ളനാട്).



*പാലാ രൂപത മാതൃവേദിയുടെ 2023-24 പ്രവർത്തനവർഷത്തെ കർമപദ്ധതികളുടെ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിക്കുന്നു. ഫാ. ഡോ. ജോസഫ് കുറ്റിയാങ്കൽ, സി. എൽസ ടോം, സി. കുസുമം ജോസ്, സിജി ലുക്ക്സൺ, ഷേർലി ചെറിയാൻ, ഡയാന രാജു തുടങ്ങിയവർ സമീപം.*

Deepanalam Weekly

RNI No : 16998/68
Vol. 55 No. 47 Date of Publication 26 Jan 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ അച്ചായൻസ് തന്നെ

TONY VALLIALIL ACHAYANS GROUP
SINCE 2005



അച്ചായൻസ്
ഗോൾഡ് 916

കോട്ടയം | പാലാ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം
ചേർത്തല | കടുത്തുരുത്തി
PH: 9072 388 172, 9847 113 429

18 വർഷത്തെ സേവനപാരമ്പര്യം

നിങ്ങളുടെ സ്വർണ്ണത്തിന് ഏറ്റവും ഉയർന്ന വില നൽകുന്നു | ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു | മദ്ധ്യ തിരുവിതാംകൂറിൽ മാത്രമായി 15 ഷോറൂമുകൾ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ



വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

## വെറൈറ്റി

ഫർണിച്ചർ മാർട്ട്

പുഴക്കര മൈതാനം പാലാ, ബ്രാഞ്ച് : കിടങ്ങൂർ

8606278519

വിലക്കുറവ്
10 % to 50 %
വേഗമാകട്ടെ




മലേഷ്യൻ ഫർണിച്ചറുകൾ, സ്റ്റീൽ, വുഡ് ഫർണിച്ചറുകൾ

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org